# ടേക്ക് ഓഫ്




എസ്.എൻ.എച്ച്.എസ്.എസ് പൂതാടി

# ടേക്ക് ഓഫ്




**എസ്.എൻ.എച്ച്.എസ്.എസ് പൂതാടി**

# ടേക്ക് ഓഫ്

## താളുകളിലൂടെ


സന്ദേശം........................................4
സന്ദേശം........................................6
സന്ദേശം........................................7
സന്ദേശം........................................8
സന്ദേശം........................................9
അതിജീവനത്തിന്റെ പാതയിൽ കേരളം........................................11
അണിയറയിൽ........................................14
മഹാപ്രളയത്തിലേക്ക് ഒരെത്തിനോട്ടം........................................15
ദൈവത്തിന്റെ സ്വന്തം നാട്........................................22
"എനിക്കു ജീവിതത്തിൽ വേണ്ട മൂന്നു സാധനങ്ങൾ "........................................25
ചിഹ്നങ്ങളുടെ ചരിത്രം........................................28
വായനാക്കുറിപ്പ്........................................32
"വിദ്യാധനം സർവ്വധനാൽ പ്രധാനം"........................................34
സംഗീത വിസ്മയം:ബാലഭാസ്കർ........................................36
അമ്മഭാഷ........................................40
പേരും പൊരുളും........................................41
ഓർമ്മകളുടെ പുതുമഴക്കാലം........................................43
വരുമോ വസന്തം........................................45
അമ്മ........................................47
അരുവി........................................50
അനുസരണ പഠിച്ചു........................................52
ഭൂമി........................................54
ചാണക്യതന്ത്രം........................................56
ഉണ്ടൽ പേട്ടിൽ സൂര്യകാന്തികൾ
വിരിയുമ്പോൾ........................................58
നന്മതാൻ ശ്രേഷ്ഠം........................................62
മഴതോർന്നരാവിൽ........................................64
ഒന്നാം ലോകമഹായുദ്ധം........................................66
കവിത ജനിച്ച കഥ........................................68
പ്രാർഥനാഗീതം........................................70
ബീഥോവൻ........................................72
മഹാപ്രളയം........................................74
അനുഭവക്കുറിപ്പ്........................................76
കാഴ്ചകളുടെ വർണ്ണ വിസ്മയം....... 76
ആർട്ട് ഗാലറി........................................79
ഓർമ്മയിലെ ചില നിമിഷങ്ങൾ. 83
സ്കൂളിന്റെ അഭിമാന താരങ്ങൾ.....86
വൈക്കം മുഹമ്മദ് ബഷീർ.........90
ഞങ്ങളുടെ ടീച്ചർ
പടിയിറങ്ങുമ്പോൾ........................................92
നന്ദിയുടെ കീകൾ
എഴുത്താണിയായപ്പോൾ...........93
ശുഭം........................................95


## എസ്.എൻ.എച്ച്.എസ്.എസ് പൂതാടി

# ടേക്ക് ഓഫ്

## സ്വാഗതം



# ടേക്ക് ഓഫ്

## സന്ദേശം

ഓരോ കാലഘട്ടത്തിലും സർഗ്ഗാത്മക സൃഷ്ടികൾക്ക് അതിന്റേതായ പ്രാധാന്യം ഉണ്ടായിട്ടുണ്ട്.വേഗതയേറിയ നിത്യജീവിതത്തിൽ വിദ്യാർഥികളിലും അവരവരുടേതായ സൃഷ്ടികൾ കൂടുതൽ ഊർജ്ജം പകരുവാൻ കഴിയും എന്നുള്ളത് യാഥാർഥ്യം തന്നെയാണ്.അതുകൊണ്ട് തന്നെ സ്കൂൾ മാഗസിനുകൾ സമൂഹത്തിൽ വളരെയധികം പ്രാധാന്യം അർഹിക്കുന്നു.വിവര സാങ്കേതിക വിദ്യ പുതിയ തലങ്ങളിലേക്ക് വളർന്ന് കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ മാഗസിനുകൾ ഡിജിറ്റൽ മാഗസിനുകളായും പേനകളിലെ മഷികൾ ഇ-മഷികളായും മാറിക്കൊണ്ടിരിക്കുന്നു.

ഇങ്ങനെ വിവര സാങ്കേതിക വിദ്യയുടെ ചുവട് പിടിച്ച് കുതിക്കുന്ന ഈ അവസരത്തിൽ ഞങ്ങളും കൂട്ടായ്മയിലൂടെ ഒരു കൂട്ടം ഭാവനകളെ പുത്തൻ സാങ്കേതിക രൂപത്തിൽ പ്രതീക്ഷകളോടെ നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്നു......

എസ്.എൻ.എച്ച്.എസ്.എസ് പൂതാടി

# ടേക്ക് ഓഫ്

എന്ന്

എഡിറ്റർ

മേഘിത് സുനിൽ ടി



# ടേക്ക് ഓഫ്

## സന്ദേശം



പൂതാടി ശ്രീനാരായണ ഹയർ സെക്കന്ററി സ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിലുള്ള ഡിജിറ്റൽ മാഗസിന് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു. അതോടൊപ്പം ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ..

(ഒപ്പ്)

സി.പി സുദർശനൻ

മാനേജർ

# ടേക്ക് ഓഫ്

## സന്ദേശം



കാലത്തിനനുസരിച്ച ചുവട്
വെപ്പുമായി പൂതാടി
ശ്രീനാരായണ ഹയർ സെക്കന്ററി
സ്കൂളും മാറുന്നത്
സന്തോഷകരമാണ്.
ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിലുള്ള ഈ
സദ്യദ്യമത്തിന് ലിറ്റിൽ കൈറ്റ്സ്
അംഗങ്ങൾക്കും നേതൃത്വം നൽകിയവർക്കും
പ്രത്യേക അദിനന്ദനങ്ങൾ..

(ഒപ്പ്)

കെ.കെ ധനേന്ദ്രൻ

അഡ്മിനിസ്ട്രേറ്റർ

# ടേക്ക് ഓഫ്

## സന്ദേശം

വിവര വിനിമയ സാങ്കേതിക വിദ്യ ഏറ്റവും കൂടുതൽ സ്വാധീനിക്കപ്പെടുന്നത് കുട്ടികളിലാണ് .അതുകൊണ്ട് തന്നെ നമ്മുടെ സ്കൂളിലെ



ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ ജന്മമെടുക്കുന്നത് തികച്ചും സന്തോഷാത്മകമാണ്.ഈ ഉദ്യമത്തിന് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു..

(ഒപ്പ്)
പി.റ്റി രവീന്ദ്രൻ
പ്രിൻസിപ്പാൾ

# ടേക്ക് ഓഫ്

## സന്ദേശം



വിവരവിനിമയ സാങ്കേതികവിദ്യ അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഐടി വിദ്യാദ്യാസത്തിന് പ്രാധാന്യമുണ്ട് . ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ ഐടി കൂട്ടായ്മ എസ് എൻ എച്ച് എസ് എസ് സ്കൂളിലും നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രവർത്തനത്തിന്റെ ഭാഗമായി ഡിജിറ്റൽ മാഗസിൻ നിർമ്മിക്കാൻ വിദ്യാർത്ഥികൾക്ക് സാധിച്ചതിൽ എനിക്ക് സന്തോഷമുണ്ട്. ഡിജിറ്റൽ മാഗസിൻ രൂപീകരണത്തിന് വേണ്ടി പ്രയത്നിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും നേതൃത്വം നൽകിയ സിജി ടീച്ചർക്കും, സുനിൽ സാറിനും, സൃഷ്ടികൾ നൽകിയ വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും, അധ്യാപകേതര ജീവനക്കാർക്കും പ്രത്യേക അഭിനന്ദനങ്ങൾ. നൂതന സാങ്കേതികവിദ്യ ഗുണപരമായും, സർഗാത്മകമായും, പ്രയോജനപ്പെടുത്തി സാങ്കേതികവിദ്യാ ലോകത്തിലേക്ക് വിദ്യാർത്ഥികളെ കൈപിടിച്ചുയർത്തുന്ന പുത്തൻ തലമുറയെ

**എസ്.എൻ.എച്ച്.എസ്.എസ് പൂതാടി**

# ടേക്ക് ഓഫ്

വാർത്തെടുക്കാൻ ഈ പദ്ധതിയിലൂടെ കഴിയട്ടെ എന്ന് ആശംസിക്കുന്നു.

(ഒപ്പ്)
സി ആനന്ദവല്ലി
ഹെഡ് മിസ്ട്രസ്

ടേക്ക് ഓഫ്

## അതിജീവനത്തിന്റെ പാതയിൽ

### കേരളം



കേരളം
എങ്ങോട്ട് എന്ന ചോദ്യത്തിന് നാം മുന്നോട്ട് എന്ന് അഭിമാനത്തോടെ പറയാൻ ആഗ്രഹിക്കാത്തവരായി ആരുണ്ട്? ഇന്നത്തെ തലമുറയുടെ അസാന്മാർഗികതയിലേക്കുള്ള പോക്ക് അതീവ ഗുരുതരമാണെന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്.”മദ്യം ,മയക്കുമരുന്ന്,പുകയില എന്നിവയുടെ സ്വാധീനത്തിൽപ്പെട്ട് യുവതലമുറയാകെ ദിശാബോധം നഷ്ടപ്പെട്ട് ഭാവി ജീവിതത്തിൽ പ്രതീക്ഷയുടെ കരിനിഴൽ

എസ്.എൻ.എച്ച്.എസ്.എസ് പൂതാടി

## ടേക്ക് ഓഫ്

വീഴ്ത്തി മുന്നോട്ട് പോകുന്നത് കാണാതെ പോകുവാൻ കഴിയില്ല.

ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളെ പിൻതള്ളി ദൈവത്തിന്റെ സ്വന്തം നാടായ കൊച്ചു കേരളമാണ് നമ്മുടേത് എന്നത് ഗൗരവകരമായ കാര്യമാണ്.നമ്മുടെ നാട്ടിലെ വിവിധങ്ങളായ സാമൂഹിക പ്രശ്നങ്ങൾക്ക് പിന്നിൽ ലഹരി വസ്തുക്കളുടെ സ്വാധീനം തിരിച്ചറിഞ്ഞിട്ട് .കാലമേറയായി,പരിണിതഫലമോ ആത്മഹത്യ,കടക്കെണി,മാഫിയാ പ്രവർത്തനം,ലൈംഗിക അരാജകത്വം,കുട്ടികൾക്കും, സ്ത്രീകൾക്കും എതിരെയുള്ള പീഡനങ്ങൾ വർദ്ദിച്ച് വരികയാണ്.പ്രതിരോധം സമൂഹത്തിൽ ഉണ്ടാകണം."ജീവിതമാണ് ലഹരി"

എസ്.എൻ.എച്ച്.എസ്.എസ് പൂതാടി

## ടേക്ക് ഓഫ്

ലഹരിയല്ല ജീവിതമെന്ന സന്ദേശം വരും
തലമുറയ്ക്ക് പകർന്ന് നൽകണം.അതിലൂടെ
ലഹരി വിമുക്തമാകട്ടെ നമ്മുടെ നാടും
നഗരവുമെന്ന് നമുക്ക് പ്രത്യാശിക്കാം..........

-ബാബുരാജ് വി.ആർ
പി.റ്റി.എ പ്രസിഡന്റ്
(വിമുക്ത മിഷൻ എക്സൈസ്
വകുപ്പ്
വയനാട് ജില്ല)

# ടേക്ക് ഓഫ്

## അണിയറയിൽ

മേഘ്ന സുനിൽ
അഭിരാം കൃഷ്ണ
നവീൻ രാജ്
വൈഗ സത്യൻ
ആർദ്ര കൃഷ്ണ
അനുശ്രീ
ശ്രീലക്ഷ്മി

കവർ പേജ്
അർജ്ജുൻ എ

എസ്.എൻ.എച്ച്.എസ്.എസ് പൂതാടി

# ടേക്ക് ഓഫ്

## ലേഖനം

# മഹാപ്രളയത്തിലേക്ക് ഒരെത്തിനോട്ടം

മലയാളികളായ നമ്മുടെ മനസ്സിനെ പിഴുതെറിഞ്ഞ മഹാപ്രളയം ബാക്കി വച്ചതെന്ത് എന്ന ചോദ്യചിഹ്നം മുൻ നിർത്തികൊണ്ട് ആ പ്രളയം നമുക്കു നൽകുന്ന സൂചനയെന്താണ് ?



അതിന് വഴിയൊരുക്കിയ മനുഷ്യന്റെ പ്രവർത്തികൾ ഏവ? നാം ഇതിൽ നിന്നും ഉൾകൊള്ളേണ്ട പാഠമെന്ത്? ഇങ്ങനെ ഉത്തരം മുട്ടിക്കുന്ന ചോദ്യങ്ങളുമായി ആ അതിഥി നമ്മുടെ മുന്നിലൂടെ കുറച്ച് മാസങ്ങൾക്ക് മുമ്പ് ഹൃദയം പിഴുതെടുത്തുകൊണ്ട് പോയി..

മൂന്ന് ദുരന്തങ്ങളാണ് കഴിഞ്ഞ വർഷത്തിൽ നാം ധീരതയോടെ ഒരുമയുടെ കരം പിടിച്ച് നേരിട്ടത്.2017 ൽ മുന്നറിയിപ്പ് ലഭിക്കാതെ അപ്രതീക്ഷിതമായി വന്ന



# ടേക്ക് ഓഫ്

അതിഥിയെപ്പോല കേരളത്തിലെ കടൽക്കരകളെ വിറപ്പിച്ച് പലരുടെയും ജീവൻ കവർന്ന ഓഖി  ചുഴലിക്കാറ്റ്. അങ്ങനെ പുതുവത്സരത്തെ ഏറെ വേദനയോടെ എതിരേറ്റ നമ്മളെ കാത്ത് നിന്ന അടുത്ത ദുരന്തമായിരുന്നു ഭീതി പടർത്തി, പലരുടെയും ജീവൻ കവർന്ന നിപ വൈറസ്.പല ജീവൻ കവർന്നെങ്കിലും വേണ്ട മുൻകരുതൽ നടപടികൾ ഇതിനെ നിയന്ത്രണ വിധേയമാക്കിയതിൽ നമുക്കഭിമാനിക്കാം.മരണസംഖ്യ നിരക്ക് നിയന്ത്രിച്ച് കൊണ്ട് നാമതിനെ ധീരതയോടെ നേരിട്ടു.എന്നാൽ ഇതുകൊണ്ടും കലി തീരാത്ത പ്രകൃതി കഴിഞ്ഞ ഓഗസ്റ്റ് മാസത്തിൽ എന്താണ് പ്രളയമെന്ന് നമുക്ക് കാണിച്ചു തന്നു.മറ്റുള്ളവരുടെ ബുദ്ധിമുട്ട് കണ്ട് രസിച്ചിരുന്ന ചില മലയാളികൾക്ക് മാത്രമല്ല നമ്മളെല്ലാവരെയും ആ രാക്ഷസ പ്രളയം വിഴുങ്ങി..

നമ്മുടെ കൊച്ചു കേരളത്തെ വിഴുങ്ങിയ പ്രളയം ബാക്കിവച്ചത് കുറേ സന്ദേശങ്ങളും ചോദ്യങ്ങളുമാണ്.അതിൽ മഹത്തായ ഒന്നാണ് മനുഷ്യരുടെ പ്രകൃതിയിലേക്കുള്ള കടന്ന് കയറ്റത്തിന്റെ പ്രഭാവം.നാം നമ്മുടെ സുഖത്തിനു വേണ്ടി പ്രകൃതിയേയും അതിന്റെ വിഭവങ്ങളെയും അതിക്രൂരമായി ചൂഷണം ചെയ്യുന്നു.എല്ലാം



എസ്.എൻ.എച്ച്.എസ്

# ടേക്ക് ഓഫ്

സഹിക്കുന്ന പ്രകൃതി നമ്മുടെ ദുഷ്കൃത്യങ്ങളെല്ലാം സഹിച്ചു കൊണ്ടിരുന്നു.എന്നാൽ ഒതുക്കാൻ കഴിയാത്ത ഒന്നാണല്ലോ മനുഷ്യന്റെ ആഗ്രഹം,അത് സ്വാഭാവികമായി അതിര് വിട്ടു.മനുഷ്യന്റെ ഈ പ്രവൃത്തികൾക്കെല്ലാം പ്രളയമായി പ്രതികാര രൂപത്തിൽ പ്രകൃതി  തിരിച്ചടിച്ചു.ലോകത്തിൽ താനാണ് ഏറ്റവും വലിയവൻ എന്ന അഹങ്കാരം മനുഷ്യന്റെ മനസ്സിൽ നിന്നും മാഞ്ഞ നിമിഷമായിരുന്നു മഹാപ്രളയത്തിന്റെ ആഗമനം............

നമ്മളിൽ ചിലരുടെ ദുഷ്കൃത്യങ്ങളുടെ പരിണാമ ഫലം അനുഭവിച്ചത് കേരളീയ ജനത മുഴുവനാണെന്ന് ഓർക്കണം.1341 ന് ശേഷം പ്രളയം വന്നത് 1924 ലാണ്,ഇതിനെ "99 ലെ വെള്ളപ്പൊക്കം" എന്ന് വിളിക്കുന്നു.1341 ലെ പ്രളയത്തിൽ പെരിയാർ നദി കരകവിഞ്ഞൊഴുകി, ഇന്നത്തെ കൊടുങ്ങല്ലൂറായിരുന്ന അന്നത്തെ മുസിരിസ് തുറമുഖം തകർന്നു പോയി.പിന്നീട് പ്രകൃതി ക്ഷോഭിച്ചത് 1924 ലാണ്.അന്ന് നമ്മൾ ഇന്ന് നേരിട്ട പ്രളയത്തേക്കാൾ ഭീമാകരമായിരുന്നു.ഏകദേശം 1 ലക്ഷത്തോളമാളുകൾ മരണമടഞ്ഞു.ഇങ്ങനെ പ്രളയങ്ങൾ തുടർക്കഥയായ ദൈവത്തിന്റെ സ്വന്തം നാട് ഇന്നും ആ മഹാപ്രളയത്തിൽ നിന്നും പൂർണ്ണമായി അതിജീവിച്ചിട്ടില്ല.മിക്കവർക്കും ഉറ്റവരെ നഷ്ടപ്പെട്ടു,ജീവിതത്തിന്റെ സ്വപ്നമായിരുന്ന വീടുകൾ സ്വന്തം

എസ്.എൻ.എച്ച്.എസ്.എസ് പൂതാടി

# ടേക്ക് ഓഫ്

കൺമുന്നിൽ നിന്നും നഷ്ടപ്പെടുന്നത് നോക്കി നിൽക്കുവാനെ അവർക്ക് കഴിഞ്ഞുള്ളൂ..കുട്ടികൾക്ക് ബാഗുകളും,പുസ്തകങ്ങളും യൂണിഫോമുകളും നഷ്ടപ്പെട്ടു.ഇങ്ങനെ പ്രളയം ബാക്കി വച്ച കാര്യങ്ങൾ ഒരിക്കലും തീരുന്നില്ല.........

പ്രളയത്തിന്റെ സമയത്ത് ഉള്ളവനും ഇല്ലാത്തവനും ഒന്നായി.അടുത്തതായി നടന്നത് കേരളത്തിനെ കൈപിടിച്ച് ഉയർത്താനുള്ള ശ്രമങ്ങളായിരുന്നു.എല്ലാ സർക്കാർ സംവിധാനങ്ങളും ഉണർന്ന് പ്രവർത്തിച്ചു.നമ്മൾ ജാതി-മത-വർഗ്ഗ വ്യവസ്ഥകൾക്കും അപ്പുറത്ത് ഒരുമിച്ച് അണി ചേർന്നൊരുക്കിയ ഐക്യത്തിന്റെ കരങ്ങൾ ഒന്നുചേർന്ന് നമ്മുടെ കൊച്ചു കേരളത്തെ രക്ഷിച്ചു.അതുപോലെ തന്നെ



നമ്മുടെ പോലീസ് സേന ജനങ്ങളെ രക്ഷിക്കുന്നതിൽ മുൻപന്തിയിൽ നിന്ന് രാവും പകലുമില്ലാതെ പ്രവർത്തിച്ചു.

ഒപ്പം നമ്മുടെ കര, നാവിക, വ്യോമ സേനകളുടെ കഠിനമായ,






**എസ്.എൻ.എച്ച്.എസ്.എസ് പൂതാടി**

# ടേക്ക് ഓഫ്

അതിസാഹസികമായ രക്ഷപ്പെടുത്തലുകളാണ് നമ്മുടെ ഭൂരിഭാഗം ജനങ്ങളുടെ ജീവൻ രക്ഷിച്ചത്. അവരുടെ ഓപറേഷനുകളായിരുന്നു സഹയോഗ്,കരുണ,മദദ് എന്നിവ.പോലീസിന്റെ ഓപ്പറേഷനായിരുന്നു ജലസുരക്ഷ.ഇവരുടെ സേവനങ്ങളെ പറ്റി പറയുമ്പോൾ മറക്കാൻ കഴിയാത്തവരാണ് നമ്മുടെ ധീര ജവാന്മാരായ നാടിന്റെ അഭിമാന താരങ്ങളായ മത്സ്യത്തൊഴിലാളികൾ..അവരില്ലായിരുന്നെങ്കിൽ നമ്മുടെ ജനങ്ങളുടെ ജീവൻ രക്ഷപ്പെടില്ലായിരുന്നു. അതിൽ പ്രധാനിയായ സ്വന്തം ശരീരം ചവിട്ടുപടിയാക്കിയ ജയ്സണെ ആരും എളുപ്പം മറന്ന് കാണില്ല.ജയ്സണെ പോലെ അനേകം പേരുട കഠിനമായ അധ്വാനത്തിന്റെയും സാഹസികതയുടെയും ഫലമാണ് നമുക്ക് ദാനമായ് ലഭിച്ച പുതു ജീവൻ. അതുകൊണ്ട് തന്നെ നമുക്ക് ഇവർക്കേവർക്കും കൊടുക്കാം ഒരു ബിഗ് സല്യൂട്ട്.....

ഈ പ്രളയത്തിലോട്ട് ഒന്ന് തിരിഞ്ഞു നോക്കിയാൽ കാണുന്ന ചിത്രങ്ങൾ ഭീതിജനകമായിരിക്കും. കുത്തിയൊലിക്കുന്ന ഡാമുകൾ,ഒഴുകി പോകുന്ന വീടുകളും, മരങ്ങളും,തകർന്നും ഇടിഞ്ഞും




എസ്.എൻ.എച്ച്.എസ്.എസ് പൂതാടി

# ടേക്ക് ഓഫ്

വീഴുന്ന റോഡുകളും, കെട്ടിടങ്ങളും, കുന്നും, പാലങ്ങളുമൊക്കെ.ഇവയുടെ കൂടെ നഷ്ടപ്പെട്ടത് പലരുടെയും ഉറ്റവർ കൂടിയാണ്,എത്രയോ ജീവനുകളാണ് പൊലിഞ്ഞത്,അവരുടെ രോദനങ്ങൾ ജീർണ്ണിച്ച ശരീരങ്ങൾ,വീടുകൾ നഷ്ടപ്പെട്ടുള്ളവരുടെ കണ്ണുനീരും ഒത്തിരി കൊച്ചു കൊച്ചു പ്രതീക്ഷകളും.ഇങ്ങനെ വേദനാജനകവും ഭയാനകവുമാണ് പ്രളയാനന്തര കാഴ്ചകൾ പലതും.ജീവിത സമ്പാദ്യമായ വീട് നഷ്ടപ്പെട്ട് പെരുവഴിയിലായ ഒരു ആയിരം പേരുടെ പ്രതീക്ഷയറ്റ മുഖങ്ങൾ കാണുമ്പോൾ അവർ നമ്മോട് ചോദിക്കുന്ന ഒരു ചോദ്യമാണ് "ഞങ്ങളിനി എവിടെ നിന്നും തുടങ്ങണമെന്ന് ?"അതെ അവർ എവിടെന്ന് തുടങ്ങിയാലും കെട്ടിപ്പൊക്കാൻ കഴിയാത്തതാണ് അവർ സമ്പാദിച്ച് കൂട്ടിയുണ്ടാക്കിയ അവരുടെ വീടുകൾ.എന്നാലും അവർ തങ്ങളുടെ ശ്രമങ്ങൾ തുടരുന്നു,അങ്ങനെ തന്നെ തുടരട്ടെ.......അവരെ സഹായിക്കുവാൻ വേണ്ടിയും നവകേരള നിർമ്മിതിക്കും വേണ്ടി നമ്മുടെ കേരള സർക്കാർ ഒട്ടനവധി പദ്ധതികളും പരിപാടികളും സംഘടിപ്പിച്ച് വരുന്നു..അവയിൽ പ്രധാനപ്പട്ടവയാണ് മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധി,സാലറി ചാലഞ്ച്,നവകേരള മിഷൻ എന്നിവ.അതിനു വേണ്ടി ആരംഭിച്ച ലോട്ടറിയാണ് നവകേരള ലോട്ടറി.കൂടാതെ കുട്ടികളുടെ അടുക്കൽ നിന്ന് മുതൽ

എസ്.എൻ.എച്ച്.എസ്.എസ് പൂതാടി

# ടേക്ക് ഓഫ്

ലോകത്തെ വിവിധ കോണുകളിൽ നിന്ന് വരെ സഹായങ്ങൾ പറന്നെത്തി,പ്രളയ കാലഘട്ടത്തും നമുക്ക് സഹായങ്ങൾ ലഭിച്ചിരുന്നു.ഒരു വിദ്യാർഥി എന്ന നിലയിൽ അല്ലെങ്കിൽ ഒരു സമൂഹത്തിന്റെ,രാജ്യത്തിന്റെ പുതിയ തലമുറയെന്ന നിലയിൽ നാം ഉണർന്ന് പ്രവർത്തിക്കേണ്ട സമയമാണിത്.

ഇങ്ങനെ നമ്മുടെ ദുരിതം അനുഭവിക്കുന്ന സഹോദരങ്ങളെ രക്ഷിക്കുവാൻ വേണ്ടി നടത്തുന്ന പരിപാടികളിൽ നമുക്കും പങ്കുചേരാം .അങ്ങനെ മതത്തിന്റെയും ജാതിയുടെയും വൻമതിലുകളെ



ഭേദിച്ചു കൊണ്ടുവന്ന പ്രളയം നൽകിയ പുതു പാടങ്ങൾ ഉൾകൊണ്ട് നമ്മുടെ നാട് ഒരു നവകേരള സൃഷ്ടിയിലേക്ക് കുതിച്ച് കൊണ്ടിരിക്കുന്നു.അപ്പോഴും ജനനേതാക്കൾ നൽകിയ വാക്കുകൾ പാഴ്വാക്കാകുന്നു.

ഇങ്ങനെ കപടവാചകങ്ങളിൽ ഇരയാവുന്ന പ്രളയദുരന്തമനുഭിക്കുന്ന ആളുകൾക്ക് ഒരു തണലായ് മാറാൻ നമുക്കേവർക്കും കഴിയട്ടെ എന്ന് ഞാൻ

എസ്.എൻ.എച്ച്.എസ്.എസ് പൂതാടി

# ടേക്ക് ഓഫ്

പ്രത്യാശിക്കുന്നു...........

-അഭിരാം കൃഷ്ണ -9 B



## ടേക്ക് ഓഫ്

## ലേഖനം

# ദൈവത്തിന്റെ സ്വന്തം നാട്.......



"ഭാരതമെന്ന കേട്ടാൽ അഭിമാന പൂരിതമാകണം അന്തരംഗം,കേരളമെന്ന കേട്ടാൽ തിളക്കണം ചോര ഞരമ്പുകളിൽ."എന്ന് വള്ളത്തോൾ എഴുതിയിട്ടുണ്ട്,അതെ അങ്ങനെ തന്നെയാവണം നമ്മളും.നമുക്ക് കേരളപ്പിറവിയുടെ ചരിത്രമൊന്ന് പരിശോധിക്കാം.

ഭാരതം, സ്വാതന്ത്ര്യം പ്രാപിക്കുമ്പോൾ തിരുവിതാംകൂർ,കൊച്ചി,മലബാർ എന്നിങ്ങനെ കേരളം മൂന്നായി ഭിന്നിച്ചു കിടക്കുകയായിരുന്നു.ഐക്യകേരളത്തിനായി

എസ്.എൻ.എച്ച്.എസ്.എസ് പൂതാടി

## ടേക്ക് ഓഫ്

ശക്തമായ പ്രക്ഷോഭങ്ങൾ നടന്നുകൊണ്ടിരുന്നു.1946 ജൂലൈ 29 ന് അന്നത്തെ കൊച്ചി മഹാരാജാവ് കേരളവർമ്മ കൊച്ചി നിയമസഭയിൽ വായിക്കാനായി ഒരു സന്ദേശമയക്കുകയുണ്ടായി.അതിൽ തിരുവിതാംകൂറും ബ്രിട്ടീഷ് മലബാറും കൊച്ചിയുമടങ്ങുന്ന കേരളസംസ്ഥാനത്തിന്റെ രൂപികരണത്തിന് അനുകൂലമാണെന്ന് പ്രഖ്യാപിച്ചു.1949 ജൂലൈ ഒന്നിന് തിരു-കൊച്ചി സംസ്ഥാനം രൂപം കൊണ്ടു.സംസ്ഥാന പുനസംഘടനാ കമ്മീഷൻ തങ്ങളുടെ ശുപാർശ പ്രകാരം സംസ്ഥാനപുനസംഘടനാ ബിൽ പാസ്സാക്കി.കേരളത്തിന്റെ പല ഭാഗങ്ങളും തമിഴ്നാടിന് വിട്ടുകൊടുക്കേണ്ടി വന്നു.ഐക്യകേരള സമിതി കേരളത്തോട് ചേർക്കണമെന്നാവശ്യപ്പെട്ട ലക്ഷ്യദ്വീപ്,മയ്യഴി എന്നിങ്ങനെയുള്ള പ്രദേശങ്ങൾ നമുക്ക്

# ടേക്ക് ഓഫ്

ലഭിച്ചില്ല.1956 നവംബർ ഒന്നിന് ഐക്യകേരളം യാഥാർത്ഥ്യമായി.ഗോകർണത്തിനും കന്യാകുമാരിക്കുമിടയിലുള്ള കേരളം കാസർഗോഡിനും പാറശാലയ്ക്കുമിടയിലുള്ള ഐക്യകേരളമായി ചുരുങ്ങി.അതോടെ രാജവാഴ്ച അവസാനിച്ചു.1957 ഏപ്രിൽ ഒന്നിന് ഇ.എം.എസ് മുഖ്യമന്ത്രിയായി കേരളത്തിലെ ആദ്യത്തെ മന്ത്രിസഭ അധികാരത്തിൽ വന്നു.

അങ്ങനെ ഒത്തിരിയൊത്തിരി പേരുടെ  പ്രയത്നങ്ങൾക്കും വിയർപ്പിന്റെയും ഫലമാണ് നാമിന്ന് കാണുന്ന ദൈവത്തിന്റെ സ്വന്തം നാടായ ഈ കൊച്ചു കേരളം........

-അഭിരാം കൃഷ്ണ്

9 B

## ടേക്ക് ഓഫ്

ലേഖനം

# “എനിക്കു ജീവിതത്തിൽ വേണ്ട മൂന്നു സാധനങ്ങൾ ”



എനിക്കു
ജീവിതത്തിൽ വേണ്ട
മൂന്ന് സാധനങ്ങൾ
പുസ്തകങ്ങൾ,
പുസ്തകങ്ങൾ,
പുസ്തകങ്ങൾ,
എന്നാണ് മഹാനായ
ലിയോ ടോൾസ്റ്റോയി പറഞ്ഞിട്ടുള്ളത്.

“വായിച്ചാലും വളരും വായിച്ചില്ലെങ്കിലും വളരും
വായിച്ചാൽ വിളയും വായിച്ചില്ലെങ്കിൽ വളയും.”
എന്ന് കുഞ്ഞുണ്ണി മാഷ് പറഞ്ഞിട്ടുണ്ട്.
ബുദ്ധിയുടെയും മനസ്സിന്റെയും

# ടേക്ക് ഓഫ്

വളർച്ചയ്ക്കൊപ്പമേ ജീവിതത്തിൽ ഉയർച്ചയും വിജയവും ഉണ്ടാവൂ.ബുദ്ധിയുടെയും മനസ്സിന്റെയും വളർച്ചക്കുള്ള വളമാകുന്നത് വായനയാണ്.ഇതു തിരിച്ചറിഞ്ഞു മലയാളിയെ അക്ഷരത്തിന്റെ വെളിച്ചത്തിലേക്ക് കൈപിടിച്ചുയർത്തിയ മഹാനാണ് പി.എൻ പണിക്കർ.അദ്ദേഹത്തിന്റെ ജന്മദിനമായ ജൂൺ 19 മലയാളികൾ വായനാദിനമായി ആചരിക്കുന്നു.വായന ചിലർക്കൊരു വിനോദമാണ്.ചിലർക്കാകട്ടെ ലഹരിയും.വായന വിനോദവും ലഹരിയുമാക്കിയവർക്കു ഭാവനയുടെ അതിരുകൾ തകർത്തു വിസ്മയങ്ങളുടെ ലോകത്തേക്ക് പറക്കാനുള്ള ചിറകുമുളയ്ക്കുന്നു.പല കാലത്തിലൂടെ,ജീവിതരീതികളിലൂടെ,അവരുടെ അനുഭവങ്ങളിലൂടെ അനേകായിരം മനുഷ്യമനസ്സുകളിലൂടെ,ചിന്തകളിലൂടെ ഒരായുസ്സുകൊണ്ടു പറഞ്ഞുതീർക്കാനുള്ള

എസ്.എൻ.എച്ച്.എസ്.എസ് പൂതാടി

## ടേക്ക് ഓഫ്

ആത്മസൂത്രമാണ് വായന.വായന പല തരത്തിലുണ്ട്.പുസ്തകങ്ങൾ വായിക്കുന്നതുപോലെ തന്റെ ചുറ്റുപാടുകളും വായിക്കാം.ഡോ എസ് രാധാകൃഷ്ണൻ ഇങ്ങനെ പറയുന്നു. ”മറ്റെല്ലാം നമ്മെ കൈവെടിഞ്ഞു എന്നു വരാം,എന്നാൽ നല്ല ഗ്രന്ഥങ്ങൾ എന്നും നമ്മുടെ മിത്രങ്ങളായിരിക്കും.”അതുകൊണ്ട് വായിച്ച് വളരുക ചിന്തിച്ച് വിവേകം നേടുക.ഇന്നുമുതൽ നമുക്കും വായനയുടെ അത്ഭുതലോകത്തിലൂടെ പറന്നു നടക്കാൻ കഴിയട്ടെ...........


-അഭിരാം കൃഷ്ണ

9 B

## ടേക്ക് ഓഫ്

ലേഖനം

# ചിഹ്നങ്ങളുടെ ചരിത്രം



നമ്മുടെ നിത്യ ജീവിതത്തിൽ ഏറെ പ്രാധാന്യം ഉള്ളയൊന്നാണല്ലോ കണക്ക്.അതിലെ പ്രധാന ഘടകമാളണല്ലോ ചിഹ്നങ്ങൾ.ഈ ചിഹ്നങ്ങളുടെ ചരിത്രമൊന്ന് നോക്കാം.

### പ്രാചീന കാലത്ത്

## ടേക്ക് ഓഫ്

കൂട്ടുകയെന്നതിന് .....എന്ന ചിഹ്നവും കുറയ്ക്കുകയെന്നതിന്....എന്ന ചിഹ്നവുമാണ് ഉപയോഗിച്ചിരുന്നത്.എന്നാൽ ജർമ്മിനിയിൽ കൂട്ടുക എന്നതിന് 'ലടേ' എന്ന് ഉപയോഗിച്ചിരുന്നു.ഇതിൽ നിന്നാണ് '+'എന്ന ചിഹ്നം ഉണ്ടായതെന്ന ഒരു ധാരണ ചരിത്രകാരന്മാരിലുണ്ട്.കുറയ്ക്കുക എന്നതിന്....അടയാളവും പിന്നീട് അത്.... (മൈനസ് എന്ന വാക്കിലെ ആദ്യാക്ഷരം)എന്നും. ഇന്നു നാം ഉപയോഗിക്കുന്ന +,-എന്നീ ചിഹ്നങ്ങൾ ആദ്യമായി ഉപയോഗിച്ചത് 1489 ൽ ജർമ്മൻ ഗണിതശാസ്ത്രജ്ഞനായ വിഡ്മാൻ ആയിരുന്നു.അന്ന് അതിനു പ്രചാരം കിട്ടിയിരുന്നില്ല.1637 ൽ റെനെദെക്കാർത്ത

## ടേക്ക് ഓഫ്

ഈ ചിഹ്നങ്ങൾ അദ്ദേഹത്തിന്റെ പുസ്തകങ്ങളിൽ ഉപയോഗിച്ചു തുടങ്ങിയപ്പോഴാണ് അവ അംഗീകരിക്കപ്പെട്ടത്.

മനുഷ്യന്റെ ഏറ്റവും പ്രധാനപ്പെട്ട കാൽവെയ്പാണ് പൂജ്യം അടങ്ങുന്ന ദശാങ്കസമ്പ്രദായത്തിന്റെ വികസനം.പൂജ്യം എന്നതിനെയും ഒരു സംഖ്യായി പരിഗണിച്ചുതുടങ്ങിയത് ഗണിതശാസ്ത്രത്തിലെ ഒരു നാഴിക കല്ലാണ്.ഇന്ത്യയിലാണ് ഈ ആശയം ഉടലെടുത്തത്.പൂജ്യം രേഖപ്പെടുത്തിയ അനേകം ലിഖിതങ്ങൾ ഇന്ത്യയുടെ പല ഭാഗത്തുനിന്നും കണ്ടെടുത്തിട്ടുണ്ട്.ഇതിൽ ഏറ്റവും പഴക്കമുള്ളത് വടക്കുപടിഞ്ഞാറെ ഇന്ത്യയിലെ ബക്ഷാലിൽ നിന്നും

## ടേക്ക് ഓഫ്

കണ്ടെടുത്തതാണ്.പൂജ്യത്തെ
സൂചിപ്പിക്കാനുപയോഗിച്ചത്
.പിന്നീട്,വ്യക്തതയ്ക്കുവേണ്ടി അതിനുചുറ്റും ഒരു
വൃത്തംവരയ്ക്കാൻ തുടങ്ങി.കാലക്രമത്തിൽ
ബിന്ദു അപ്രത്യക്ഷമാവുകയും പൂജ്യത്തിന്റെ
ചിഹ്നം വൃത്തമായി അവശേഷിക്കുകയും
ചെയ്തു.

ഇങ്ങനെ രസകരമാണ്
ഓരോ ചിഹ്നങ്ങളുടെയും ഉത്ഭവം........

-അഭിരാം കൃഷ്ണ
**9 B**

ടേക്ക് ഓഫ്

വായനാക്കുറിപ്പ്

# യു.കെ കുമാരൻ

# കഥ:അദ്ദേഹം



പ്രശസ്ത

കവി യു.കെ കുമാരൻ എഴുതിയ ലഘു നോവലാണ് "അദ്ദേഹം" .1950 മെയ് 11 ന് കോഴിക്കോട് ജില്ലയിലെ പയ്യോളിയിൽ ജനനം. സാമ്പത്തിക ശാസ്ത്രത്തിലും ബിരുദം, പബ്ലിക്ക് റിലേഷൻസിലും, ഡിപ്ലോമ വീക്ഷണം വാരികയിൽ അസി.എഡിറ്ററായി പ്രവർത്തിച്ചു.ഇപ്പോൾ കേരള സാഹിത്യ അക്കാദമി വൈസ് പ്രസിഡണ്ടാണ്.

തന്റെ കാലത്തോടും ജീവിതത്തോടും സത്യസന്ധ്യമായി ചേർന്നുനിൽക്കുന്ന ഒരു എഴുത്തുകാരന്റെ സാക്ഷ്യങ്ങൾ കൂടെയാണ് "അ്ദ്ദേഹം". ഈ നോവലുകൾ അക്കാലത്ത്

എസ്.എൻ.എച്ച്.എസ്.എസ് പൂതാടി

## ടേക്ക് ഓഫ്

മരണപ്പെട്ട കെ.എസ് മണി എന്ന കഥാകൃത്തിന്റെ ജീവിതത്തെ ആസ്പദമാക്കി എഴുതിയ "അദ്ദേഹം"ഉൾപ്പെട്ട 3 നോവലുകളുടെ സമാഹാരം അടക്കി വെക്കാൻ കഴിയാത്ത ജീവിതത്തിന്റെ നിശബ്ദമായ നിലവിളി ഈ കഥയിൽ പറയുന്നുണ്ട്.

ടാറ്റാ പുരസ്കാരം,സുകുമാർ അഴീക്കോട് അവാർഡ്, രാജീവ് ഗാന്ധി സദ്ഭാവന അവാർഡ്. "എഴുതപ്പെട്ടത്" എന്ന നോവലിന് ഇ.വി.ജി പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്.മലയാളത്തിലെ മായാവസന്തമാണ് യു.കെ കുമാരന്റെ സാഹിത്യ സംഭാവനകൾ.

-അലീന സജി

8 B

# ടേക്ക് ഓഫ്

## ലേഖനം

## “വിദ്യാധനം സർവ്വധനാൽ പ്രധാനം”



ലോകത്തിൽ ഏറ്റവും ശ്രേഷ്ഠമായത് വിദ്യാധനമാണ്.മറ്റു ധനംകൊണ്ട് നേടാവുന്ന എല്ലാ സുഖസൗകര്യങ്ങളും നമുക്ക് വിദ്യാധനം കൊണ്ട് നേടാം.കള്ളന്മാർക്ക് അപഹരിക്കാവുന്നതോ കാലക്രമേണ നശിക്കുന്നതോ ആയ ഒന്നല്ല വിദ്യ എന്ന ധനം.അതുകൊടുക്കുന്തോറും വർദ്ധിക്കുന്ന ഗുണവിശേഷത്തോടുകൂടിയതാണ്.ഇതര രൂപത്തിലുള്ള എന്തെല്ലാം നേട്ടങ്ങളുണ്ടായാലും അവയെല്ലാം വിദ്യാധനത്തിന്റെ അഭാവത്തിൽ നിഷ്പ്രയോജനവും നിഷ്പ്രഭവുമായിരിക്കും.മറ്റു ധനങ്ങൾ സൂക്ഷിക്കാനുള്ള ബദ്ധപ്പാടോ പ്രയാസമോ ഒന്നും വിദ്യാധനം സൂക്ഷിക്കുന്നതിലില്ല.അതുകൊണ്ട് അക്ഷയവും,അമൂല്യവുമായ യഥാർത്ഥ ധനം വിദ്യ

എസ്.എൻ.എച്ച്.എസ്.എസ് പൂതാടി

# ടേക്ക് ഓഫ്

ഒന്നുമാത്രമാണ്.

-മേഘ്വിത് സുനിൽ. ടി

9 B



ടേക്ക് ഓഫ്

# ലേഖനം

## സംഗീത വിസ്മയം:ബാലഭാസ്കർ

കേരളത്തിലെ പ്രശസ്തനായ വയലിലിസ്റ്റും സംഗീത



സംവിധായകനും ആയിരുന്നു ബാലഭാസ്കർ. അച്ഛൻ ചന്ദ്രനും,അമ്മ ശാന്തകുമാരിയുമായിരുന്നു.അച്ഛൻ ഒരു പോസ്റ്റ്മാനും അമ്മ സംഗീത കോളേജിലെ സംസ്കൃത അദ്ധ്യാപികയുമായിരുന്നു. ഭാര്യയുടെ പേര് ലക്ഷ്മിയെന്നും അദ്ദേഹത്തിന്റെ മകളുടെ പേര്

## ടേക്ക് ഓഫ്

തേജസ്വിനിയെന്നും ആയിരുന്നു. 1978 ജൂലൈ 10 നായിരുന്നു ബാലഭാസ്കറിന്റ ജനനം .മികച്ച സംഗീത സംവിധാനത്തിന് ഇദ്ദേഹത്തിന് പുരസ്കാരം ലഭിച്ചിരുന്നു.മലയാളത്തിലെ ചില ചലചിത്രങ്ങൾക്കും,ആൽബങ്ങൾക്കും ഇദ്ദേഹം സംഗീതം നൽകിയിട്ടുണ്ട്.വയിലിനായിരുന്നു അദ്ദേഹം കൂടുതൽ പ്രാധാന്യം നൽകിയിരുന്നത്.

കേരളത്തിന് ലഭിച്ച വലിയ ഒരു സമ്പത്തായിരുന്നു ബാലഭാസ്കറിന്റെ സംഗീതം. 2018 സെപ്റ്റംബർ 25 ന് തിരുവനന്തപുരത്തെ പള്ളിപ്പുറത്ത് വച്ച് ഉണ്ടായ വാഹനാപകടത്തിൽ ഗുരുതരമായി

## ടേക്ക് ഓഫ്

പരിക്കേറ്റ് ചികിത്സയിലായിരുന്ന ഇദ്ദേഹം ഒക്ടോബർ 2 പുലർച്ചെ 1 മണിയോടെ ഈ ലോകത്തോട് വിട പറഞ്ഞു.ബാലഭാസ്ക്കറുടെ മരണത്തിനു കാരണമായ അതേ വാഹനാപകടത്തിൽ തന്നെയാണ് അദ്ദേഹത്തിന്റെ മകൾ തേജസ്വിനി മരണപ്പെട്ടത്.വയലിനിസ്റ്റ് ബാലഭാസ്ക്കറിന്റെ വിയോഗം കേരളത്തിന് നികത്താനാവാത്ത തീരാ നഷ്ടമാണ്.പകരം വയ്ക്കാനാവാത്ത പ്രതിഭയെയാണ് ബാലഭാസ്ക്കറിന്റെ വിയോഗത്തിലൂടെ നഷ്ടമായത്.പന്ത്രണ്ടാം വയസ്സിലാണ് സ്റ്റേജ് പരിപാടികൾ അവതരിപ്പിക്കാൻ തുടങ്ങിയത്.പതിനേഴാം വയസ്സിൽ മംഗല്യ പല്ലക്ക് എന്ന സിനിമയുടെ സ്വതന്ത്ര സംഗീത സംവിധായകനായി.ഇങ്ങനെ

## ടേക്ക് ഓഫ്

സംഗീതത്തിന്റെ ചവിട്ടു പടികൾ ഓരോന്നും കയറി തന്റെ വിസ്മയ സംഗീതത്തിലൂടെ കേരളക്കരയെ വിസ്മയിപ്പിച്ച ബാലഭാസ്ക്കറിന്റെ വിയോഗം സംഗീത ലോകത്തിന് ഉപരി നമുക്കേവർക്കും ഒരു തീരാ നഷ്ടമാണ്.....

-വൈഗ സത്യൻ

**9 B**

# ടേക്ക് ഓഫ്

## കവിത

## അമ്മഭാഷ




മലയാളമാണെന്റെ
മാതൃഭാഷ
മലയാളമാണെന്റെ ദേശഭാഷ
മലയാള മക്കളുടെ അമ്മഭാഷ
നാടിന്റെ ജീവനാം
അമ്മഭാഷ
പൈതങ്ങൾ ആദ്യം പറഞ്ഞ ഭാഷ
അമ്മയെന്നുള്ള മലയാള ഭാഷ
കേരള നാടിന്റെ അഭിമാന ഭാഷ
കേരങ്ങൾ വാഴും സ്നേഹ ഭാഷ
എന്റെ ജീവനുതുല്യമാം അമ്മ ഭാഷ
സ്നേഹത്തിൻ തണലുള്ള നല്ല ഭാഷ
സ്നേഹമയിയാം മലയാള ഭാഷ

-നവീൻ രാജ്
**9 B**



# ടേക്ക് ഓഫ്






Nisa Mathew

# ടേക്ക് ഓഫ്

## പേരും പൊരുളും



**വയനാട്** :വയലുകളുടെ നാടായിരുന്നു വയനാട്. വയൽനാട് എന്നറിയപ്പെട്ടിരുന്ന വയൽനാട് ലോപിച്ച് വയനാട് ആയി.



**ഇടുക്കി:** കുറവൻ മലയുടെയും, കുറത്തി മലയുടെയും നടുക്ക് ഇടുങ്ങിയ സ്ഥലമായതുകൊണ്ട് ഇടുക്കിയെന്ന പേര് ലഭിച്ചു.

**പനമരം:**പണ്ട് പനകൾ ധാരാളം ഉണ്ടായിരുന്ന സ്ഥലമായിരുന്നു ഈ അങ്ങാടി. അങ്ങനെയാണ് പനമരം എന്ന പേരായത്.





**ആലപ്പുഴ:** കോട്ടയത്തിനടുത്തുള്ള പുഴയുടെ തീരത്ത് ഒരു കൊല്ലന്റെ ആലയുണ്ടായിരുന്നു ഇതു മൂലമാണ് ആലപ്പുഴ എന്ന പേരുവന്നത്.

**ചൂതുപാറ:**വനവാസകാലത്ത് പഞ്ചപാണ്ഡവർ ചൂതുകളിച്ച





# ടേക്ക് ഓഫ്

സ്ഥലമായതിനാൽ ചൂതുപാറ എന്നറിയപ്പെട്ടു.

**മൂന്നാനക്കുഴി:** മൂന്ന് ആനകൾ ഒരു കുഴിയിൽപ്പെട്ട സ്ഥലമാണിത്. ഇന്നും ആ കുഴി നിലനിൽക്കുന്നു.



**കേണിച്ചിറ:** ഒരു കിണറിൽ നിന്നും നിലക്കാത്ത ജലപ്രവഹം ഏതുകാലത്തും ഉണ്ടാകും അതിനുതാഴെ ഒരു ചിറയുണ്ടായിരുന്നു ആ സ്ഥല്ത്തിനെ കേണിച്ചിറയെന്ന് വിളിച്ചു.

**സുൽത്താൻ ബത്തേരി:** ടിപ്പു സുൽത്താൻ പടയോട്ടകാലത്ത് അദ്ദേഹത്തിന്റെ പ്രധാന ആയുധപ്പുരയായിരുന്നു ഇത് , അങ്ങനെ ഈ സ്ഥലത്തിന് സുൽത്താൻ ബത്തേരിയെന്ന പേര് ലഭിച്ചു.



-സിസിലി ടീച്ചർ



# ഓർമ്മകളുടെ പുതുമഴക്കാലം

പുറത്തു മഴ നന്നായി പെയ്യുന്നുണ്ട്. ഏതു് നേരം വേണമെങ്കിലും ഇടിഞ്ഞു വീഴാൻ സാധ്യതയുള്ള ആ കുടിലിൽ ജാനി അമ്മ ഇരുന്നു . താൻ ഒട്ടും ഓർക്കാൻ ആഗ്രഹിക്കാത്ത തൻറെ പൂർവ്വകാലം അവരുടെ മുന്നിലൂടെ മാഞ്ഞു. ഭർത്താവും മക്കളുമൊത്ത് കഴിഞ്ഞ ആ സന്തോഷ ദിനങ്ങൾ എല്ലാം ഓർമയായി. പണത്തിന് കുറവുണ്ടെങ്കിലും സന്തോഷത്തോടെയും സമാധാനത്തോടെയും അവർ താമസിച്ചു. ഇതുപോലെ മുടിത്തഴിച്ചാടുന്ന മഴയെത്തും അവർ സ്കൂൾ വിട്ടുവരുന്ന തൻറെ മക്കളെയും കാത്തിരുന്നു.




തൻറെ മക്കളെ കാണാതെ അവർ ദുഃഖിതയായിരുന്നു. അപ്പോൾ ആരോ ഓടി വന്ന് പറഞ്ഞു.

അവരുടെ മക്കൾ വന്ന തോണി മറഞ്ഞു എന്ന്. അത് കേട്ടതും അവരുടെ മനസ്സിൽ ഒരു വൈദ്യുതി പ്രവാഹം. അവർ ഓടി അവിടെയെത്തിയപ്പോൾ തൻറെ ഭർത്താവ് രക്ഷാപ്രവർത്തനം ചെയ്യുന്നത് അവർ കണ്ടു. എന്നാൽ നിർഭാഗ്യവശാൽ അവരുടെ ഭർത്താവും മകനും പിന്നീട് തിരിച്ചുവന്നില്ല. തനിക്ക് ദൈവം തിരിച്ചു തന്ന ഒരു മകനെ അവർ വളർത്തി. അവൻ വയനാട് വലുതായപ്പോൾ അമ്മ അവന് ശല്യമായി തോന്നി. അവൻ വീടുവിട്ടുപോയി.

ആരോ വാതിൽ മുട്ടുന്ന ശബ്ദം കേട്ട് ജാനി അമ്മ ഞെട്ടിയുണർന്നു കവിളിലെ കണ്ണീർകണങ്ങൾ തുടച്ച് അവർ വാതിൽ തുറന്നു. താൻ ആറ്റുനോറ്റു വളർത്തിയ മകൻ . അവനെ വാരി പുലരണമെന്ന് അവർക്കുണ്ടായിരുന്നു എന്നാൽ അവൻ എങ്ങനെ പ്രതികരിക്കും എന്നറിയാതെ അവർ നിന്നു. പെട്ടെന്നവൻ പറഞ്ഞു ഈ വീട്ടിൽ നിന്ന് ഉടനെ ഇറങ്ങണമെന്ന് അവിടെ അവന് വലിയ കെട്ടിടം കെട്ടണമെന്ന് . ഇതുകേട്ട് ജാനിയമ്മ ഞെട്ടിപ്പോയി." ഒരുനിമിഷം പ്രപഞ്ചം ഒട്ടാകെ സ്തംഭിച്ചത് പോലെ അവർക്ക് അനുഭവപ്പെട്ടു . അവർ കരഞ്ഞു ,

# ടേക്ക് ഓഫ്

പൊട്ടിക്കരഞ്ഞു  എന്നാൽ അവനത് ശ്രദ്ധിച്ചില്ല. അവൻ അവരെ ഇറക്കിവിട്ടു. എങ്ങോട്ടെന്നറിയാതെ  അവർ നടന്നു. പോകാൻ ഒരിടമില്ല അവർ നടന്നു. ഒരു മരച്ചുവട്ടിൽ   അവർ അഭയം പ്രാപിച്ചു. കണ്ണിലെ കണ്ണുനീർ വറ്റിയിരുന്നില്ല. ഒരു മഴക്കാലം അവരുടെ ഭർത്താവിനെയും  മകനെയും  എടുത്തു. ഈ മഴ അവരുടെ  ജീവൻ തന്നെ എടുത്തതായി അവർക്കു തോന്നി. കഴിഞ്ഞ ജീവിതകാലം  അവർക്കൊരു ഓർമ്മയായി. ഒരു ഇളം കാറ്റിൽ അവർ കണ്ണടച്ചു. അവർ കണ്ണടച്ചു ഉറങ്ങി എന്നന്നേക്കുമായൊരുക്കം. അപ്പോഴും  മഴ ചാറുന്നുണ്ടായിരുന്നു.

അനഘ ശശികുമാർ
൯ B



## ടേക്ക് ഓഫ്

## വരുമോ വസന്തം



ഏത് രാഗ വിപഞ്ചിയിൽ നീ
മന്ത്ര തംബുരു മീട്ടിയോ-
നീല രാവിലലിഞ്ഞു ചേരാൻ
വന്നു പോയ വസന്തമേ.
കാലമാകും കൈകളിൽ നീ
വീണുപോയതല്ലയോ.
പൂർണ്ണ തിങ്കളുദിച്ച പോലെ
വന്നുപോയ വസന്തമേ.
കാത്തിരിക്കാനാരുമില്ല
കൈപിടിക്കാനാരുമില്ല
ഓർത്തിരിക്കാൻ നേരമില്ല
കൂട്ടിരിക്കാൻ ആരും കൂടെയില്ല.
ഊർന്നുവീഴും പൂവിതൾ പോൽ
ഇറ്റിറ്റു വീഴും ഹിമകണം പോൽ
കുഞ്ഞു പൂവിൻ സൗരഭം പോൽ
വന്നു ചേരുകില്ലയോ.
അസ്തമിക്കാറായ സൂര്യന്
മൂക ദുഃഖമിതെന്തിനോ-
വർണ്ണമേഘം കൊണ്ട് ഞാനൊരു

എസ്.എൻ.എച്ച്.എസ്.എസ് പൂതാടി

# ടേക്ക് ഓഫ്

സ്വർണ്ണഹാരം ചാർത്തിടാം.
സന്ധ്യയെങ്ങോ പുലരിയാകും
വിരഹമെങ്ങോ വർഷമാകും
മൃത്യുവെങ്ങോ ജനനമാകും
സ്വർണ്ണ വർണ്ണ വസന്തമേ നീ
വന്നു ചേരുകില്ലയോ........



-അമൽ കൃഷ്ണ 8 B

## ടേക്ക് ഓഫ്

കവിത

# അമ്മ



അമ്മയായ്
പൂത്തൊരു നന്മയല്ലേ
എന്റെ ആതംഗമെല്ലാം അകറ്റിടില്ലേ.
ആധിയും വ്യാധിയും തീർത്തെന്നെ പുൽകി
ആ കാൽക്കലെന്നെ നീ ചേർത്തിടില്ലേ.

ആനന്ദം മായുമ്പോൾ ആമോദം തീരുമ്പോൾ
ആശ്രയമാകുന്നൊരമ്മയല്ലേ................
അമ്മേ നീ എന്നെ അറിഞ്ഞതല്ലേ
അന്നു നീ എന്നിൽ നിറഞ്ഞതല്ലേ........

അമ്മേ നീ അറിയുമ്പോൾ എന്നിലെ
ഗദ്ഗതം
അശ്രുവായ് ഞാനിന്നു വീണിടുമ്പോൾ

എസ്.എൻ.എച്ച്.എസ്.എസ് പൂതാടി

## ടേക്ക് ഓഫ്

ആരാരുമില്ലാതെ അകലെയായ്
തേങ്ങുമ്പോൾ
അഭയമായ് മാറുന്നതമ്മയല്ലേ...........

അല്ലലിൽ തോണിയിൽ അറിയാതെ
ഉരുകുമ്പോൾ
അരികിലായ് അണയുന്നതാവുകില്ലേ.
അടിയന്റെ ദുഃഖം മറന്നിടല്ലേ അമ്മേ
നീയെന്നെ തഴുകി ഉറക്കുകില്ലേ....

അമ്മയായ് പൂത്തൊരു നന്മയല്ലേ
എന്റെ ആതംഗമെല്ലാ അകറ്റിടില്ലേ
ആധിയും,വ്യാധിയും തീർത്തെന്നെ പുൽകി
ആ കാൽക്കലെന്നെ നീ ചേർത്തിടില്ലേ
ആ കാൽക്കലെന്നെ
നീ ചേർത്തിടില്ലേ....



എസ്.എൻ.എച്ച്.എസ്.എസ് പൂതാടി

ദേവാനന്ദ് എ.എസ് 9 B

# കാത്തിരുപ്പ്



വിധി എന്ന
രണ്ടക്ഷരത്തിൽ
അകപ്പെട്ടുപോയ
ഒന്നാണ് ജീവിതം
സന്തോഷവും...........സങ്കടവും.
കണ്ടുമുട്ടലും....... വേർപിരിയലും
എല്ലാം കാലത്തിന്റെ തീരുമാനം
അറിഞ്ഞുകൊണ്ട് പലരും അകലുന്നു.
അറിയാതെ ചിലർ അടുക്കുന്നു.
ഇവിടെ വിധിയുടെ തമാശയിൽ
പൊട്ടിപ്പോയ ചില ഹൃദയങ്ങളുണ്ട്.
ഒരിക്കലും സ്വന്തമാകില്ലെന്നറിഞ്ഞും
വിധി ചേർത്തുവെച്ച ചിലർ
പരസ്പരം സ്നേഹിക്കാൻ മാത്രം

## ടേക്ക് ഓഫ്

വിധിക്കപ്പെട്ടവർ...............
നഷ്ടസ്വപ്നങ്ങളുടെ ഓർമ്മയിൽ
ജീവിക്കാൻ കാലം കാത്തുവെച്ചവർ
ഇവിടെ ഞാനും കാത്തിരിക്കുകയാണ്............

-അനുനന്ദന
8 C



## അരുവി

പ്രകൃതിയെന്ന
അമ്മേ

നിന്നുടെ മാറിൽ
ഒരു കുഞ്ഞായി
ഞാൻ
പറ്റികിടക്കുന്നു.
എന്നാൽ നിന്റെ മാറിൽ പറ്റികിടക്കുന്ന
എന്നെ എന്തിനാണമ്മേ പലരും പറിച്ചുമാറ്റാൻ
ശ്രമിക്കുന്നത് ?
നിന്നിലൂടെ എനിക്കും നമ്മിലൂടെ പലർക്കും
ജീവൻ ലഭിക്കുന്നു.
എന്നാൽ, എന്തുകൊണ്ടാണമ്മേ പലരും
ഈ ജീവനെ നമ്മുടെ ദാനമായി കാണാത്തത് ?
മലമുകളിൽ നിന്നും ഒഴുകിവന്ന ജലത്തിലൂടെ-
യായിരുന്നില്ലേ എന്റെ ജനനം.
എന്നാൽ, മനുഷ്യരുടെ ക്രൂരമായ പ്രവർത്തി-
യിലൂടെയാവും എന്റെ മരണം!

എസ്.എൻ.എച്ച്.എസ്.എസ് പൂതാടി

# ടേക്ക് ഓഫ്

കണ്ണാടിയിലും തെളിവുള്ള എന്റെ മനസ്സിനെ
ആരുമെന്താ കാണാതെ പോകുന്നത് ?
എന്റെ ഈ മനസ്സിലേക്ക് മലിനസ്വഭാവമുള്ളവയെ
എന്തിനാണ് കടത്തി വിടുന്നത് ?
അങ്ങയുടെ പുത്രന്മാരായ മരങ്ങളെ നശപ്പിച്ച
കാരണത്താൽ
സൂര്യദേവന്റെ ക്രോധത്താൽ ഞാനും
വറ്റി നശിക്കുകയാണമ്മേ !

അമ്മേ,
മനുഷ്യരുടെ ഈ ക്രൂരത
എന്നവസാനിക്കുന്നോ അന്നേ,
അമ്മയും, ഞാനും, നമ്മളും രക്ഷപെട്ടു
ഇല്ലെങ്കിൽ............
ഈ പറയുന്ന മനുഷ്യരേയും നാം
കൊണ്ടുപോകണം, അങ്ങയുടെ പ്രിയപ്പെട്ട മകളായ
മണ്ണിന്റെ മാറിലേക്ക്

-ഹിബ ഫാത്തിമ
8 B

# ടേക്ക് ഓഫ്

## കഥ

## അനുസരണ പഠിച്ചു



കിറ്റിയെന്ന തത്തമ്മയും രണ്ടു കുഞ്ഞുങ്ങളും കാടിനടുത്തുള്ള ഒരു മരത്തിൽ താമസിച്ചിരുന്നു.കുഞ്ഞുങ്ങളിൽ മൂത്തവളുടെ പേര് മിന്നുവെന്നും ഇളയവളുടെ പേര് ചിന്നുവെന്നുമായിരുന്നു. അഹങ്കാരിയായിരുന്നു മിന്നു എന്നാൽ ചിന്നുവാകട്ടെ വളരെ പാവവും.

രാവിലെ തീറ്റതേടി പോകുമ്പോൾ അമ്മക്കിളിയെന്നും മക്കളെ വിളിച്ചിട്ട് പറയും"മക്കളെ കൂടിനുവെളിയിൽ ഇറങ്ങരുതേ!" എന്നാൽ ഇത് വകവെക്കാതെ പലപ്പോഴും മിന്നു കൂടിനുവെളിയിൽ ഇറങ്ങുന്നുണ്ടായിരുന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം കൂടിനുവെളിയിൽ ഇറങ്ങിയപ്പോൾ  മിന്നു കാൽവഴുതി താഴേ വീണു! അപ്പോൾ അതു വഴി വിശന്നു വന്ന ഒരു കുറുക്കൻ മിന്നുവിനെ പിടിക്കാൻ ഓടിയടുത്തു. വേഗം മിന്നു ഒരു കുറ്റിക്കാട്ടിൽ

# ടേക്ക് ഓഫ്

ഒളിച്ചു.ഈ സമയം അവിടെ എത്തിയ പിങ്കിമാൻ കുറ്റിക്കാട്ടിൽ ഒരനക്കം കേട്ടു. അവിടെ വിഷമിച്ച് ഇരിക്കുന്ന മിന്നുവിനെ പിങ്കിമാൻ കണ്ടു.പിങ്കി കാര്യം അന്വേഷിച്ചു.മിന്നു നടന്നതെല്ലാം പറഞ്ഞു. ഇതെല്ലാം കേട്ടിട്ട് പിങ്കി ചോദിച്ചു."അമ്മയുടെ വാക്ക് കേൾക്കാഞ്ഞിട്ടല്ലേ ഇങ്ങനെ സംഭവിച്ചത് ?സാരമില്ല ഞാൻ നിന്നെ അമ്മയുടെ അടുത്തെത്തിക്കാം!"

അങ്ങനെ പിങ്കിമാൻ മിന്നിയേയും കൂട്ടി അവളുടെ അമ്മയുടെ അടുത്തേത്തിച്ചു.മിന്നുവിനെ കാണാതെ വിഷമിച്ചിരുന്ന കിറ്റിക്ക് സന്തോഷം അടക്കാനായില്ല. അവർ പിങ്കിമാനിന് നന്ദി പറഞ്ഞു. പിന്നീട് മിന്നു അമ്മ പറഞ്ഞത് അനുസരിക്കാതെ ഇരുന്നിട്ടേയില്ല.

-സൗന്ദര്യ എസ്

ടേക്ക് ഓഫ്

കവിത

# ഭൂമി



അമ്പിളി മാമൻ നിന്നെ
ഉറക്കുവാൻ മാനത്തു വന്നല്ലോ
താരാട്ടു പാടുവാൻ പുഞ്ചിരി തൂകി
താരകങ്ങൾ വന്നല്ലോ..
നിന്നെ തഴുകി ഉറക്കുവാൻ
പൂങ്കാറ്റു വന്നല്ലോ.
നിന്നെ ഉറക്കുന്ന താരാട്ടുപാട്ടിൽ
കവിയാത്ത സ്നേഹം കടൽപ്പോലെ തന്നെ
നിന്നെ ഉണർത്തുവാൻ എത്തുന്നു
സുപ്രഭാതം പാടുന്ന കിളികൾ
കുളിർ മഞ്ഞാൽ നീരാടീടുന്ന നീ
ആ കുളിർ മാറ്റുവാൻ പുലരി
സമ്മാനിച്ചു പൊന്നടയാട ധരിച്ചീടുന്നു നീ
അരുവിയാം വെള്ള കൊലുസ്സ് ചാർത്തി
ശിരസ്സിൽ മഞ്ഞണി മകുടം ചാർത്തി
പുഞ്ചിരിയോടെ അച്യുതണ്ടിൽ

എസ്.എൻ.എച്ച്.എസ്.എസ് പൂതാടി

# ടേക്ക് ഓഫ്

## യാത്ര തുടരുന്നു

-വൈഗ സത്യൻ


൯ B



# ടേക്ക് ഓഫ്

ലേഖനം

## ചാണക്യതന്ത്രം



അവസാനത്തെ നന്ദരാജാവായിരുന്ന ധനനന്ദന്റെ ദേശദ്രോഹ നടപടികൾക്കെതിരെയായിരുന്ന ചാണക്യനെ നന്ദരാജാവ് നാടുകടത്തി.താൻ നന്ദരാജവംശം ഉന്മൂലനം ചെയ്യുമെന്നും പുതിയ രാജാവിനെ പ്രതിഷ്ഠിക്കുമെന്നും ശപഥം ചെയ്താണ് ചാണക്യൻ നാടുവിട്ടത്.

ധനനന്ദരാജാവിന് ഒരു ശൂദ്രസ്ത്രീയായ മുരയിൽ ജനിച്ച ചന്ദ്രഗുപ്ത മൗര്യനേയും തക്ഷശിലയിലേക്ക് നാടുകടത്തി.ഇടയരോടൊപ്പം ആടു മെയ്തു നടന്നിരുന്ന ചന്ദ്രവഗുപ്തനെ തക്ഷശിലയിൽ വച്ച് ചാണക്യൻ കണ്ടുമുട്ടി.ധനനന്ദനോട് പകരം വീട്ടാൻ തക്കം പാർത്തിരുന്ന ചാണക്യൻ ചന്ദ്രഗുപ്തനെ

എസ്.എൻ.എച്ച്.എസ്.എസ് പൂതാടി

# ടേക്ക് ഓഫ്

ഉപയോഗിക്കാമെന്ന് കണക്കുക്കൂട്ടി.വിജ്ഞാന കേന്ദ്രമായിരുന്ന തക്ഷശിലയിൽ സൈനിക ശാസ്ത്രവും മറ്റും പഠിപ്പിച്ചു , തുടർന്ന് തന്റെ വിദഗ് ദമായ തന്ത്രങ്ങളിലൂടെ നന്ദ രാജാക്കന്മാരെ ഉന്മൂലനം ചെയ്ത് ചാണക്യൻ ചന്ദ്രഗുപ്തനെ മഗധയിലെ രാജാവാക്കി.ചാണക്യൻ ചന്ദ്രഗുപ്തന്റെ പ്രധാനമന്ത്രിയുമായി എന്നാണ് ചരിത്ര കഥ.പരസ്പരം കലഹിച്ചും വിദേശാധിനിവേശത്തിൽ തകർന്നും ചിന്നിച്ചിതറിക്കിടന്ന നാട്ടുരാജ്യത്തിന് അടിത്തറ പാകാൻ ചന്ദ്രഗുപ്തന് തുണയായത് ചാണക്യ തന്ത്രങ്ങളാണ്.ഇന്നും ചാണക്യതന്ത്രങ്ങൾ നമ്മുടെ മനസ്സിൽ നിന്നും മായാതെ കിടക്കുന്നു.............

-അക്ഷയ്

ടി.എ

9 B



# ടേക്ക് ഓഫ്

## യാത്രാവിവരണം

## ഗുണ്ടൽ പേട്ടിൽ



## സൂര്യകാന്തികൾ വിരിയുമ്പോൾ....

സമയം 6 മണി. നിദ്രാദേവി എന്നെ ചതിച്ചു.ഇന്നലെ നേരത്തെ എഴുന്നേൽക്കണമെന്ന് വിചാരിച്ച് കിടന്ന ഞാൻ ഇന്ന് 6 മണിക്കാണ് എഴുന്നേറ്റത്. അമ്മയുടെ ശകാരം ഇപ്പോഴും എന്റെ കാതുകളിൽ മുഴങ്ങുന്നുണ്ട്.ഞാൻ തിടുക്കത്തിലെഴുന്നേറ്റ് ഒരുങ്ങി.വണ്ടിവന്നു, അത് പതിയേ മുന്നോട്ട് നീങ്ങി.ആദിത്യന്റെ വരവ്

# ടേക്ക് ഓഫ്

ഇഷ്ടപ്പെടാതെ പേമാരി ഒന്നു ചിണുങ്ങി.ഇരുവരും കൂടെയുള്ള വഴക്ക് കണ്ട് രസിക്കുമ്പോഴാണ് പുറകിൽ നിന്ന് അനിയത്തി എന്നെ തട്ടിയത്. ഒരു നിമിഷം ജീവൻ പോയതുപോലെ തോന്നി പക്ഷെ ഞാനത് പുറത്ത് കാട്ടിയില്ല.എന്റെയുള്ളിൽ ദേഷ്യത്തിന്റെ തരികൾ വിതറി.കോപത്താൽ ജ്വലിച്ചു നിന്ന എന്നിൽ തണുപ്പേകി ചിരിച്ചുകൊണ്ട് മന്ദമാരുതൻ എന്നെ ചുംബിച്ചങ്ങ് നീങ്ങി.ഗുണ്ടൽ പേട്ടയെ ലക്ഷ്യമാക്കി ഞങ്ങളുടെ വണ്ടി നീങ്ങി..............

വിശാലമായ റോഡിൽ പൂത്തുമ്പികൾ പോലെ ഞങ്ങളുടെ വണ്ടി പാറിപ്പറന്നു. ഞങ്ങളെ സൽക്കരിക്കാൻ അതിഥേയന്റെ കർത്തവ്യവുമായി നിൽക്കുന്ന മാൻ പേടാപൈതലുകൾ. അവയുടെ ഭംഗി ആസ്വദിച്ചുകൊണ്ട് നിൽക്കുമ്പോഴാണ് ഞങ്ങളും ഒട്ടും പുറകിലല്ല എന്ന ഭാവത്തിൽ ചിഹ്നം വിളിക്കുന്ന ഗജവീരന്മാർ. അവയെ കണ്ട് ഞാനൊന്ന് ഞെട്ടി.പിന്നെ എന്റെ കണ്ണിന് കുളിർമയേകുന്ന ഒരുകാഴ്ചയായ് അത്..

ഞങ്ങളുടെ വണ്ടി ഇപ്പോൾ ഏറെ ദൂരം പിന്നിട്ടിരിക്കുന്നു.ആരണ്യങ്ങൾക്ക് നടുവിലൂടെയാണ്

# ടേക്ക് ഓഫ്

ഞങ്ങളുടെ യാത്ര.കാടിനെ മനുഷ്യമൃഗങ്ങളാൽ കാത്ത് സൂക്ഷിക്കാൻ കാടിന്റെ കാവലായി കാട്ടുമക്കൾ.പേമാരി പതിയെ ചിണുങ്ങുന്നുണ്ട്.എന്താണാവോ കാര്യം? ഇതോർത്തുകൊണ്ട് നിൽക്കുമ്പോൾ ഉള്ളിന്റെ ഉള്ളിൽ ഒരു മോഹം.ഈ ആരണ്യത്തിനുനടുവിൽ കുറച്ച് നേരം ചിലവഴിക്കണമെന്ന്.പക്ഷെ എന്റെ ആഗ്രഹത്തെ സഫലീകരിക്കാൻ പേമാരി സമ്മതിച്ചില്ല. പേമാരിയോട് എനിക്ക് അതിയായ കോപം തോന്നി. കുറെ മണിക്കൂറുകൾക്ക് ശേഷം പൂപ്പാടത്തെത്തി. കണ്ണെത്താദൂരത്തോളം പരന്ന് കിടക്കുന്ന സൂര്യകാന്തി പൂക്കൾ. അവ എന്നെ നോക്കി ചിരിക്കുന്നത് പോലെ എനിക്ക് തോന്നി.ഞാൻ അവയ്ക്കിടയിലൂടെ തേൻ നുകരാൻ വന്ന തേനീച്ചയെപ്പോലെ പാറി നടന്നു.ഞാൻ ചുറ്റിലുമൊന്ന് കണ്ണോടിച്ചു.എനിക്ക് പരിചയമില്ലാത്ത ആരൊക്കെയോ........ എവിടെന്റെ സഹോദരി,സഹോദരൻ,അച്ഛൻ,അമ്മ അവരൊക്കെ എവിടെ കണ്ണെത്താദൂരത്തോളം പരന്ന് കിടക്കുന്ന ആ പൂപ്പാടത്ത് ഏകയായ തുമ്പിയേ പോലെ ഞാൻ നടന്നു. ഈ നിമിഷം എന്റെ മനസ്സിൽ

# ടേക്ക് ഓഫ്

സങ്കടമോ ദേഷ്യമോ എന്തൊക്കയോ
മിന്നിമാഞ്ഞു.ഞാൻ ആ റോഡിന്റെ അരികിൽ നിന്ന്
ഈ സമയം എന്റെ മാതാപിതാക്കൾ എന്നെ തേടി
അലയുന്നു.എന്റെ ഉള്ളിൽ സന്തോഷം അല
തല്ലിയൊഴുകുന്നു.ഈ യാത്ര എന്റെയുള്ളിൽ ഇപ്പോഴും
മായാതെ നിൽക്കുന്നു,അങ്ങനെയാണല്ലോ ഓരോ
യാത്രകളും........

-ആർദ്ര കൃഷ്ണ
൯ C



ടേക്ക് ഓഫ്

കവിത

## നന്മതാൻ ശ്രേഷ്ഠം



ഈ ജീവിതമൊരു
നിയോഗം
തിരിച്ചറിയുക ഹേ മർത്ത്യാ നിൻ കർമ്മം
ഓരോ വിത്തിലുമൊളിഞ്ഞിരിപ്പൂ
ഉദയം കാത്തോരു വടവൃക്ഷം
നന്മതൻ വിത്തു നട്ടു നനച്ചവർ
നേടി പോൽ കൽപക വൃക്ഷം
കച്ചകെട്ടി കപട  വിത്തെറിഞ്ഞവർ
നേടി പോൽ മൃത്യുവിൻ വിഷവൃക്ഷം
കർമ്മം താൻ നിശ്ചയിപ്പൂ
നന്മ തിന്മകളുലകിൽ
സഹജർക്കു സ്നേഹമൂട്ടിയേനല്ലോ-
സന്തോഷമാസ്വദിപ്പൂ......

എസ്.എൻ.എച്ച്.എസ്.എസ് പൂതാടി

ടേക്ക് ഓഫ്

സഹജ പീഡനമതി ദാരുണം-
സർവ്വ ദുസ്സഹദുരിത കാരണം.............
-അനുനന്ദന
8 C

## ടേക്ക് ഓഫ്

കവിത

# മഴതോർന്നരാവിൽ



മഴതോർന്നരാവിലെൻ
മുറ്റത്ത് വീണൊരു
പവിഴമല്ലിപ്പൂപോലെ.......
നറുനനാ ഓർമ്മകൾ ഈറനണിയിച്ചു
എൻ മനസ്സിൽവന്നുതേടി.........
മഴതോർന്നരാവിലമ്മ
കരയുന്നു തേങ്ങുന്നു വിങ്ങലോടെ....
ആറുമാസം മുമ്പ് പണിതീർത്ത
വീടിന്റെ മേൽക്കൂര മാത്രം

എസ്.എൻ.എച്ച്.എസ്.എസ് പൂതാടി

## ടേക്ക് ഓഫ്

ഇന്നു ബാക്കി..........

ആർത്തലച്ചൊരുമഴ വാനിൽനിന്നും
കൊടിയാഘോഷമായിവന്ന നാളിൽ
കടലുകവിഞ്ഞു കര കവിഞ്ഞു
നാട്ടിലും മേട്ടിലും ഉള്ളവയെല്ലാം
ഉപയോഗശൂന്യമായി മാറിയന്ന്.
കലിതുള്ളി പെരുമഴവന്നനാളിൽ...........

-അശ്വിനി കെ.ജെ

൧ C

# ടേക്ക് ഓഫ്

## ഒന്നാം ലോകമഹായുദ്ധം



ഒന്നാം ലോകമഹായുദ്ധത്തിന് ഔപചാരികമായി ആരംഭം കുറിച്ചത് 1914 ജൂലൈ 28 നായിരുന്നു .ഓസ്ട്രിയൻ കിരീടാവകാശിയായിരുന്ന ആർച്ച് ഡ്യൂക്ക് ഫ്രാൻസ് ഫർഡിനാൻഡിനെയും ഭാര്യയെയും ഗാവ്രിലോപ്രിൻസിപ് എന്ന ബോസ്നിയക്കാരൻ സാജെഷേട്ടൻ വച്ച് 1914 ജൂൺ 28 ന്ന വെടി വെച്ചുകൊന്നതാണ് ഒന്നാം ലോകമഹായുദ്ധം ആരംഭിക്കാൻ പെട്ടന്നുണ്ടായ കാരണം. ഓസ്ട്രിയയിൽ നിന്നു ബോസ്നിയയുടെ സ്വാതന്ത്ര്യം ലക്ഷ്യമാക്കി പ്രവർത്തിച്ചിരുന്ന യങ് ബോസ്നിയ എന്ന സംഘടനയിലെ അംഗമായിരുന്നു . ഗാവ്രിലോ ആർച്ച് ഡ്യൂക്ക് ഫെർനാൻഡസിന്റെ കൊലപാതകത്തിൽ സെർബിയയ്ക്കും പങ്കുണ്ടെന്നാരോപിച്ച് ജൂലൈ 28 ന്

എസ്.എൻ.എച്ച്.എസ്.എസ് പൂതാടി

# ടേക്ക് ഓഫ്

ഓസ്ട്രിയ
സെർബിയക്കെതിരെ യുദ്ധം പ്രഖ്യാപിച്ചു.ഇതിനു
തുടർച്ചയായി
ലോകരാജ്യങ്ങൾ 2 ചേരിയിൽ അണിനിരന്നു. ഫ്രാൻസ് ,
ജർമ്മനി,ബൾഗേറിയ,ഓട്ടോമൻ സമ്രാജ്യം
എന്നിവയുൾപെടുന്ന കേന്ദ്രശക്തിക്കളും തമ്മിലുള്ള പ്രധാന
പോരാട്ടം.16 ദശലക്ഷത്തിലധികം
പേർക്ക് യുദ്ധത്തിൽ ജീവൻ നഷ്ടപ്പെട്ടു.

റോസ്ന വി ആർ
9 A

# കവിത ജനിച്ച കഥ



കവിതാരചന മത്സരത്തിന് ഒരു ക്ലാസ്മുറിയിൽ പോയിരിക്കാൻ തുടങ്ങിയിട്ട് നേരം കുറേ കഴിഞ്ഞിരിക്കുന്നു.തലമണ്ടയിൽ ഒന്നും തെളിയുന്നില്ല. ഭാവന തിരിഞ്ഞുനോക്കുന്നില്ല, അപ്പോഴാണ് ടീച്ചർ വന്നത്. ടീച്ചറുടെ ശ്രുതിമധുരമായ ശബ്ദത്തിൽ വൈലോപ്പിള്ളിയുടെ മാമ്പഴം എന്ന കവിതയും റഫീക്ക് അഹമ്മദിന്റെ "ഉമ്മുക്കുലുസ്സു മരിച്ചന്നുരാത്രിയിൽ" എന്നു തുടങ്ങുന്ന കവിതയും ഭാവം ഉൾക്കൊണ്ട് ചൊല്ലി. ഇരു കവിതകളും എന്റെ ഉള്ളിൽ തീക്കനൽ കോരിയിട്ടു. ആ ചൂടിൽ എന്റെ ഹൃദയം ഉരുകി. അത് കണ്ണുകളിലൂടെ ഒഴുകി. ആ വികാരത്തിൽ ഞാൻ പേന ചലിപ്പിച്ചു. ഒരുപക്ഷെ,


# ടേക്ക് ഓഫ്

വികാരങ്ങൾ പുതിയ സൃഷ്ടികൾക്ക് കാരണമാകും എന്ന് മഹാന്മാർ പറയുന്നത് സത്യം തന്നെ ആയേക്കാം. ആ വികാരം എനിക്ക് സമ്മാനിച്ചത് ഒരു സൃഷ്ടിമാത്രം അല്ലായിരുന്നു. സബ്ജില്ലാ തലത്തിലേക്കുള്ള സെലക്ഷൻ കൂടെയായിരുന്നു.........

-നയന ഡി- 9 C

## ടേക്ക് ഓഫ്

## പ്രാർഥനാഗീതം



കനിയണമേ നാഥാ
കനിയണമേ
വിദ്യ പഠിക്കാനും തത്വം
ഗ്രഹിക്കാനും
കനിഞ്ഞരുളേണമേ.
ബുദ്ധിയും ശക്തിയും
വർഷിക്കേണമേ
നന്മ നിറകുടമാക്കണമേ.
വിദ്യയാം സമ്പത്ത് നേടുവാൻ
ഞങ്ങളിൽ അങ്ങ് കനിയണമേ......
ഒരു ജാതി ഒരുമതം ഒരുദൈവം
മനുഷ്യരിൽ വിദ്യ പകരേണമേ........
നേർവഴികാട്ടി അതിലൂടെ ഞങ്ങളേ
അങ്ങ് നടത്തേണമേ...
തിന്മ പൊറുക്കുവാനും
നന്മയിൽ വളരാനും
ഞങ്ങളിൽ അനുഗ്രഹം ചൊരിയേണമേ.....(2)

എസ്.എൻ.എച്ച്.എസ്.എസ് പൂതാടി

# ടേക്ക് ഓഫ്

(കനിയണമേ നാഥാ)

-നിസാ മാത്യു
൧ C



# ടേക്ക് ഓഫ്

## ബീഥോവൻ



ജർമ്മനിയിലെ ബേൺ നഗരത്തിൽ 1770 ൽ ബീഥോവൻ ജനിച്ചു. ബേണിലെ പ്രതിനിധി സഭയിലെ പാട്ടുകാരനായിരുന്നു അച്ഛൻ. കുട്ടിക്കാലത്തുതന്നെ ബീഥോവൻ സംഗീതാഭിരുചി പ്രകടിപ്പിച്ചു. ഇതു തിരിച്ചറിഞ്ഞ അച്ഛൻ കടുത്ത ശിക്ഷണത്തിലൂടെ സംഗീത അഭ്യാസം മകന് നൽകി. കുഞ്ഞുനാളിൽ തന്നെ ബീഥോവന്റെ സംഗീതം ജനം ശ്രദ്ധിച്ച് തുടങ്ങിരുന്നു. അച്ഛൻറെ മദ്യപാനവും ക്ഷയ രോഗബാധിയായ അമ്മയുടെ മരണവും മൂലം സഹോദരങ്ങളുടെ പരിപാലനം ബീഥോവന്റെ ഉത്തരവാദിത്തമായി. പൊതുവേദികളിൽ സംഗീത വിരുന്ന് നടത്തിയാണ് പണം ബീഥോവൻ കണ്ടെത്തിയത്ത്. പതിനേഴാം വയസ്സിൽ സംഗീതത്തിൻറെ കേന്ദ്രമായിരുന്ന വിയന്നയിലേയ്ക്ക് ബീഥോവൻ ഒരു യാത്ര നടത്തി. സംഗീതപഠനം ആയിരുന്നു ലക്ഷ്യം. വിയന്നയിൽ വെച്ച് മഹാപ്രതിഭയായ മൊസാർട്ടിനെ കണ്ടു.' ഇയാളെ ശ്രദ്ധിക്കൂ, ഒരുദിവസം ലോകത്തിന്റെ മുഴുവൻ ശ്രദ്ധ പിടിച്ചുപറ്റുന്ന ശബ്ദം ഇയാൾ പുറപ്പെടുവിക്കും' കൂടിക്കാഴ്ചയിൽ മൊസാർട്ട് പറഞ്ഞ ഈ വാക്കുകൾ പിന്നീട് യാഥാർഥ്യമായി.

സംഗീത ചരിത്രത്തിൽ സ്വർണ്ണലിപികളിൽ രേഖപ്പെടുത്തേണ്ട പേരാണ് ബീഥോവന്റെത്ത്. ഒരു സംഗീതജ്ഞനുണ്ടാകുന്ന ഏറ്റവും വലിയ ദുരന്തമായ ബധിരത അദ്ദേഹത്തിന് പിടിപെട്ടു എങ്കിലും തളരാതെ ഏത് ഹൃദയത്തെയും അലിയിക്കുന്ന മധുരസംഗീതം സൃഷ്ടിച്ച ലോകത്തെ അദ്ദേഹം അത്ഭുതപ്പെടുത്തി. ബീഥോവന് 30 വയസ്സ് ആയപ്പോഴേക്കും അദ്ദേഹത്തിൻറെ കേൾവി പൂർണമായും ഇല്ലാതായി. ഈ വൈകല്യം അദ്ദേഹത്തെ തളർത്തി ഇല്ല രചിച്ച ഒമ്പതാം സിംഫണി ഒരു മഹാ വിസ്മയമായി ലോകം കൊണ്ടാടി. 1824 ൽ വിയന്നയിൽ ഇത് ആദ്യം അരങ്ങേറി. പരിപാടി അവസാനിപ്പിച്ചപ്പോൾ ഉണ്ടായ കടൽ ഇരമ്പൽ പോലുള്ള കരഘോഷം അദ്ദേഹം അറിഞ്ഞതേയില്ല. ബധിരത മാത്രമല്ല കരൾരോഗം നേത്രരോഗം വാതരോഗം ,വിഷാദരോഗം തുടങ്ങി ആക്രമിച്ച സംശയിക്കുക എല്ലാത്തിനെയും അവഗണിച്ച് അദ്ദേഹം സംഗീതം കൊണ്ട് മായാജാലം സൃഷ്ടിച്ചു. അത് ആസ്വദിക്കുന്നവരുടെ സന്തോഷം മാത്രമായിരുന്നു ബിഥോവന് ജീവിക്കാൻ പ്രചോദനം നൽകിയത്.' എൻറെ ജീവിതം എറിഞ്ഞുടക്കാൻ തോന്നിയെങ്കിലും എൻറെ സംഗീതം എന്നെ ജീവിതത്തിലേക്ക് പിടിച്ചുവലിക്കുന്നു' എന്ന ബീഥോവൻ പറയുകയുണ്ടായി.


ബീഥോവന്റെ രചനകളിൽ ഏറ്റവും ശ്രദ്ധേയമായതാണ് ഈ

# ടേക്ക് ഓഫ്

റോയിക്ക'ർമ്മ ആഘോഷിക്കാനുള്ള  ധീരോദാത്ത സിംഫണി' എന്നാ ണ്  ഇറോയിയെ കുറിച്ച്  ബീഥോവൻ തന്നെ രേഖപ്പെടുത്തിയത്. 1927 മാർച്ച് 26 ന് വിയന്നയിൽ വെച്ച് ബീഥോവൻ അന്തരിച്ചു. നാവിഗേഷൻ ത്രീ കഴുത്ത് വിടവാങ്ങൽ മൈനേ ചെയ്യെട്ടുത്ത

ആതിര

9 A



കവിത

## മഹാപ്രളയം



കലിതുള്ളിയ
കാലവർഷം
പെരുമഴയായി താണ്ഡവമാടിയപ്പോൾ
കരിനിഴലായ് കേരളജനതയെ
ഒന്നാകെ കണ്ണീരിലാഴ്ത്തി.
വീടും തൊടിയും നാടും റോഡും
പുഴയും പാലവും വികസനവും
ഒന്നാകെ വെട്ടിവിഴുങ്ങി താണ്ഡവമാടി
കേരള നാടിനെ കണ്ണീരിലാഴ്ത്തി
ഭീതി പടർത്തിയ പ്രളയം.
പ്രളയ ജലത്തെ ജയിക്കുവാനായി
ഒരു നവകേരള സൃഷ്ടിക്കായ്
ഒന്നായി കൈകോർത്തണിചേരാം

എസ്.എൻ.എച്ച്.എസ്.എസ് പൂതാടി

# കണ്ണീരൊപ്പിമുന്നേറാം.

-അബിൻ കൃഷ്ണ

൯ D



# ടേക്ക് ഓഫ്

## അനുഭവക്കുറിപ്പ്

## കാഴ്ച്ചകളുടെ വർണ്ണ വിസ്മയം......



ബസ്സിന്റെ ജനാലയിലൂടെ അകത്തേക്ക് പ്രവേശിച്ച കാറ്റ്
എന്റെ മുഖത്ത് തൊട്ട് തലോടി നീങ്ങി.ആകാംഷയാൽ മനസ്സ് ചഞ്ചലപ്പെട്ടിരുന്നു.പൂക്കളുടെ വർണ്ണ വിസ്മയത്തെ കാണാനുള്ള തിരക്കിൽ വഴി അരികിലെ കാഴ്ച്ചകൾ കണ്ട് വിസ്മയിച്ചു.പൂക്കളുടെ വിസ്മയമൊരുക്കുന്ന, വയനാടിന്റെകാഴ്ച്ചയാണ് പൂപ്പൊലി.സഞ്ചാരികളെ വരവേൽക്കാനായി കവാടത്തിനു മുന്നിൽ നിരന്നുനിൽക്കുന്ന സൂര്യകാന്തിപ്പൂക്കൾ സൂര്യ പ്രകാശത്താൽ തിളങ്ങി.കാഴ്ച്ചയുടെ മറ്റൊരരികിൽ ഡാലിയപ്പൂക്കളുടെ വർണ്ണ മനോഹരമായ പരവദാനി.പൂന്തോട്ടത്തിന്റെ ഒത്ത നടുവിലായി ഒരു കണ്ണുനീർ തടാകം.അതിൽ വെള്ളയും റോസുമായ ആമ്പൽ

# ടേക്ക് ഓഫ്

പൂക്കൾ,നിരവധി വിപണന കേന്ദ്രങ്ങൾ,ഒപ്പം ഇന്ത്യയുടെയും,കേരളത്തിന്റെയും വെള്ളാരം കല്ലുകൊണ്ട് നിർമ്മിച്ച മാതൃക.വിടർന്ന് നിറമണിയാൻ കാത്തുനിൽക്കുന്ന ബന്തി പൂമൊട്ടുകൾ ഏവരുടെയും മനം കവരുന്നതാണ്.

പൂക്കളോടൊപ്പം കുട്ടികൾക്ക് കളിക്കുവാൻ ഒരു പാർക്ക് ഒരുക്കിയിരിക്കുന്നു.അതിനുള്ളിൽ നിന്ന് കേൾക്കുന്ന പക്ഷികളുടെ കുചലനങ്ങൾ കേട്ട് എന്റെ മനസ്സ് അവിടേക്ക് ആകർഷിച്ചു.കൂട്ടിലടച്ചു വളർത്തുന്ന അനേകം പക്ഷികൾ.
മനോഹരമായ തൂവലുകൾ അണിഞ്ഞുനിൽക്കുന്നു. കാണികളെ ആകർഷിക്കാനായി പ്രകൃതി തന്നെ ഒരുക്കിയതാണോ ഇവ എന്ന് തോന്നുന്ന തരത്തിൽ മരങ്ങളുടെ ശിഖരങ്ങൾ മണ്ണിനോട് ചേർന്ന് നിൽക്കുന്നു.. പൂക്കളിൽ നിന്ന് തേൻ നുകരാനെത്തിയ വണ്ടുകൾ പൂക്കളുടെ ചെവിയിൽ സ്വകാര്യം പറയുകയാണൊ എന്ന് എനിക്ക് തോന്നി.സ്റ്റേജിൽ കലാസന്ധ്യ.വിവിധങ്ങളായ പൂക്കളുടെ അരികിലൂടെ ഇഴഞ്ഞു നീങ്ങുന്ന നീർച്ചാലുകൾ. വർണ്ണനകൾക്കും അപ്പുറമായ ആ കാഴ്ചകളോട് വിടപറഞ്ഞ് അവിടെ നിന്നും വീട്ടിലേക്കുള്ള പ്രയാണം ആരംഭിച്ചു.മനസ്സിനെ തൊട്ട ഒരു അനുഭവമായിരുന്ന ആ

# ടേക്ക് ഓഫ്


കാഴ്ചകൾ.മറവിക്ക് അതിനെ മാശ്ക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല...........

-ശ്രീനന്ദന സി.ജെ

8 C

# ആർട്ട് ഗാലറി





**Navneeth Krishna**
൮

**Niranjana**
൯ C

# ടേക്ക് ഓഫ്






Niranjana Krishna

AMRUTHA P. J

എസ്.എൻ.എച്ച്.എസ്.എസ് പൂതാടി

# ടേക്ക് ഓഫ്





**Sreekiran**
**8 B**

**Niranjana Krishna**
**9 C**

# ടേക്ക് ഓഫ്



Abhirami
8 B



Anusree B.R
9 C

## ടേക്ക് ഓഫ്

# ഓർമ്മയിലെ ചില നിമിഷങ്ങൾ





അനുമോദന ചടങ്ങ്



മൈലാഞ്ചിയിടൽ മത്സരം

# ടേക്ക് ഓഫ്

കൗൺസിലിങ്ങ്





പരിസ്ഥിതി ദിനം

# ടേക്ക് ഓഫ്




## സ്കൗട്ട് &
## ഗൈഡ് ക്യാമ്പ് ഉദ്ഘാടനം

എസ്.എൻ.എച്ച്.എസ്.എസ് പൂതാടി

## വെളിച്ചം

ഒരിക്കൽ ചിറകിന്
സ്വപ്നം മുളച്ചു
രാത്രിയെ പകലാക്കി.
അനന്ത വിഹായസ്സ്
ലക്ഷ്യം
വഴിയിലൊരു ജഡായു



കരൾ പിഴുതു
തളർന്നില്ല , തകർന്നില്ല.
പണ്ടെങ്ങോ തെളിഞ്ഞൊരാ
ചിരാതിൽ കരിന്തിരി വെട്ടം
കണ്ടു ഞാൻ മുന്നിൽ

-വിശാൽ ഗോപുനന്ദ്

**9 B**

# ടേക്ക് ഓഫ്



ടേക്ക് ഓഫ്

## സ്ക്കുളിന്റെ അഭിമാന താരങ്ങൾ

# സംസ്ഥാന പ്രവൃത്തി പരിചയ മേളയിൽ ജേതാക്കൾ



ജസ്റ്റിൻ മത്തായി



അഞ്ജന സി.ബി



അഞ്ജിത . കെ

എസ്.എൻ.എച്ച്.എസ്.എസ് പൂതാടി

# ക്വിസ് മത്സരങ്ങളിൽ വിജയി



അഭിരാം കൃഷ്ണ

## സംസ്ഥാന കായികമേള ജേതാവ്



അക്ഷയ് സി എസ്

## ദേശീയ തല ചെസ്സ്

## ജേതാവ്- ഹരിപ്രിയ രാജ്



ടേക്ക് ഓഫ്

# സംസ്ഥാന കലോത്സവത്തിൽ സംസ്കൃത ഉപന്യാസ രചന വിജയി



ഹരിപ്രിയ

# സംസ്ഥാന കരാട്ടെ ട്ടൂർണമെന്റ് ജേതാവ്



വിശാൽ ഗോപുനന്ദ്

എസ്.എൻ.എച്ച്.എസ്.എസ് പൂതാടി

ടേക്ക് ഓഫ്

# വെളിച്ചം

ഒരിക്കൽ ചിറകിന്
സ്വപ്നം മുളച്ചു
രാത്രിയെ പകലാക്കി.
അനന്ത വിഹായസ്സ്
ലക്ഷ്യം
വഴിയിലൊരു ജഢായു




കരൾ പിളർത്തു
തളർന്നില്ല , തകർന്നില്ല.
പണ്ടെങ്ങോ തെളിഞ്ഞൊരാ
ചിരാതിൽ കരിന്തിരി വെട്ടം
കണ്ടു ഞാൻ മുന്നിൽ

-വിശാൽ ഗോപനന്ദ്
9 B


ടേക്ക് ഓഫ്

## വൈക്കം മുഹമ്മദ് ബഷീർ

കഥകളുടെ സുൽത്താനായ വൈക്കം മുഹമ്മദ് ബഷീർ 1908-ൽ ജനുവരി 19 ന് കോട്ടയം ജില്ലയിലെ തലയോലപ്പറമ്പിൽ ജനിച്ചു.നർമ്മ രസമുള്ള ഭാഷാശൈലിയാണ് ബഷീറിന്റേത്



.ബാല്യകാലസഖി, ന്റുപ്പാപ്പാക്കൊരാനേണ്ടാർന്ന്,ആനവാരിയും പൊൻകുരിശും,പാത്തുമ്മയുടെ ആട് തുടങ്ങി 25 ൽപ്പരം കൃതികൾ



രചിച്ചിട്ടുണ്ട്.ഭാർഗ്ഗവീനിലയം, നീലവെളിച്ചം, മതിലുകൾ,ബാല്യകാലസഖി തുടങ്ങിയവ

## ടേക്ക് ഓഫ്

ചലചിത്രങ്ങളായിട്ടുണ്ട്.1982-ൽ രാജ്യം അദ്ദേഹത്തിന് പത്മശ്രീ ബഹുമതി നൽകി ആദരിച്ചു.ബേപ്പൂർ സുൽത്താനെന്ന ഓമനപ്പേരിലാണ് സാഹിത്യ ലോകത്ത് ബഷീർ അറിയപ്പെടുന്നത്.1994 ജൂലായ് 5 ന് വൈക്കം മുഹമ്മദ് ബഷീർ അന്തരിച്ചു.




-സ്വപ്ന

9 A

## ടേക്ക് ഓഫ്

# ഞങ്ങളുടെ ടീച്ചർ പടിയിറങ്ങുമ്പോൾ



പുസ്തകങ്ങളിലെ
അറിവുകളേക്കാളുപരി
മാതൃത്വം തുളുമ്പുന്ന വാക്കുകളിലൂടെ
നേർവഴിയുടെ വഴികാട്ടിയായി
സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും
പ്രതീകമായി.........
നീണ്ട 35 വർഷത്തോളം
ഈ സരസ്വതീക്ഷേത്രത്തിലെ
ആയിരങ്ങളുടെ ഹൃദയ് ത്തിൽ
ഗുരുസ്ഥാനം നേടിയ
ഞങ്ങളുടെ പ്രിയ സിസിലി ടീച്ചർ
പടിയിറങ്ങുമ്പോൾ............

ദുഃഖത്തോടെയെങ്കിലും........
ലിറ്റിൽ കൈറ്റ്സിന്റെ
ഭാവുകങ്ങൾ..............

എസ്.എൻ.എച്ച്.എസ്.എസ് പൂതാടി

# നന്ദിയുടെ കീകൾ

## എഴുത്താണിയായപ്പോൾ....

നന്ദി................സാങ്കേതിക വിദ്യയുടെ മാസ്മരിക ലോകത്തിലേക്ക് ഞങ്ങളെ കൈപിടിച്ച് നയിച്ച സുനിൽ സാറിനും സിജി ടീച്ചറിനും,SITC ശോഭ ടീച്ചറിനും, ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മയിലെ പ്രിയ കൂട്ടുകാർക്കും,മാഗസിനിലേക്ക് സൃഷ്ടികൾ നൽകിയവർക്കും,പ്രധാന അധ്യാപികയ്ക്കും, അധ്യാപകർക്കും, പി.റ്റി.എയ്ക്കും എഡിറ്റോറിയൽ ബോർഡിന്റെ ഒരായിരം നന്ദി.

-എഡിറ്റർ

# ടേക്ക് ഓഫ്



# ടേക്ക് ഓഫ്

## ശുഭം




എസ്.എൻ.എച്ച്.എസ്.എസ് പൂതാടി